بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ  نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ  وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 4

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

ലക്കം 29

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2019 ജൂലായ് 18/ഹി:ശം:1398 തബ്‌ലീഗ് 18/ഹി:ഖ: 1440 ദുൽഖഅ്ദ് 14


## അല്ലാഹുവിന്റെ വചനം

وَ كُنۡتُمۡ عَلٰى شَفَا حُفۡرَةٍ مِّنَ النَّارِ فَاَنۡقَذَكُمۡ مِّنۡهَا ؕ كَذٰلِكَ يُبَيِّنُ اللّٰهُ لَكُمۡ اٰيٰتِهٖ لَعَلَّكُمۡ تَهۡتَدُوۡنَ۝

(آل عمران:104)

"നിങ്ങൾ ഒരു അഗ്നി കുണ്ഡത്തിന്റെ വക്കിലായിരുന്നു. എന്നിട്ട് അതിൽനിന്ന് അവൻ നിങ്ങളെ രക്ഷിച്ചു. ഇങ്ങനെ അല്ലാഹു തന്റെ കല്പനകൾ നിങ്ങൾക്കു വിവരിച്ചുതരുന്നു; നിങ്ങൾ നേർമാർഗം പ്രാപിക്കുന്നതിനുവേണ്ടി.'

(3:104)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**ഭൂമിയുടേയും ആകാശത്തിന്റേയും സാക്ഷ്യങ്ങൾ ഏതെങ്കിലും കൃത്രിമവും വ്യാജവുമായ ദൈവത്തിന്റെ അസ്തിത്വത്തെ കുറിച്ചല്ല തെളിവു നല്കുന്നത്. പ്രത്യുത اَحَدٌ الصَّمَدُ لَمْ يَلِدْ وَلَمْ يُوْلَدْ എന്ന ദൈവത്തിന്റെ അസ്തിത്വത്തെ കാണിക്കുന്നു. അവൻ ജീവിച്ചിരിക്കുന്നവനും എല്ലാത്തിനേയും നിലനിറുത്തുന്നവനുമായ ദൈവമാണ്. ആ ദൈവത്തെയാണ് ഇസ്‌ലാം അവതരിപ്പിക്കുന്നത്.**

**ഇൽഹാമിന്റെ ആവശ്യകത മനഃശ്ശാന്തിക്കും മാനസികമായ സ്ഥൈര്യത്തിനും അങ്ങേയറ്റം നിർബന്ധമാണ്.**

**കാരണം മരങ്ങളുടെ ഓരോരോ ഇലയിലും ആകാശത്തിലെ ഗോളങ്ങളിലും അവന്റെ നാമം വെണ്ടക്ക അക്ഷരങ്ങളിൽ എഴുതിയിരിക്കുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### ഇസ്‌ലാമിന്റെ ദൈവം

കൃത്രിമവും വ്യാജവുമായ പ്രകൃതിയുടെ ഏടുകളിൽ തെളിവുകളൊന്നും സമർപിക്കാനില്ലാത്തവനും ബുദ്ധിയുടെമേൽ കല്ലെറിഞ്ഞ് ബലാൽക്കാരമായി വിശ്വസിപ്പിക്കുന്നതിനും എളുപ്പത്തിൽ മനസ്സിലാക്കാൻ പറ്റാത്തവനുമല്ല ഇസ്‌ലാമിന്റെ ദൈവം. പ്രത്യുത പ്രകൃതിയുടെ പ്രവിശാലമായ താളുകളിൽ അവന്റെ എത്ര മാത്രം അടയാളങ്ങളാണുള്ളതെന്നാൽ അത് വ്യക്തമായും വിളിച്ചോതുന്നത് അവൻ ഉണ്ടെന്നാണ്. ഈ പ്രപഞ്ചത്തിലെ ഓരോരോ വസ്തുവും– റോഡിലോ ഇടവഴിയുടെ നെറുകയിലോ ആ വഴിയുടെ അല്ലെങ്കിൽ മഹല്ലിന്റെ അല്ലെങ്കിൽ നഗരത്തിന്റെ പേര് പരസ്യപ്പെടുത്തുന്നതിന് സ്ഥാപിച്ചിട്ടുള്ള അടയാളവും ബോർഡും പോലെ– അല്ലാഹുവിലേക്ക് മാർഗദർശനം നല്കുന്നു. ആ സ്ഥിതമായ വസ്തുവിനെക്കുറിച്ച് അറിവു നല്കുക മാത്രമല്ല, തൃപ്തികരമായ തെളിവും നല്കുന്നു. ഭൂമിയുടേയും ആകാശത്തിന്റേയും സാക്ഷ്യങ്ങൾ ഏതെങ്കിലും കൃത്രിമവും വ്യാജവുമായ ദൈവത്തിന്റെ അസ്തിത്വത്തെ കുറിച്ചല്ല തെളിവു നല്കുന്നത്. പ്രത്യുത ***അഹദുസ്സമദ്, ലം യലിദ് വലം യൂലദ്*** എന്ന ദൈവത്തിന്റെ അസ്തിത്വത്തെ കാണിക്കുന്നു. അവൻ ജീവിച്ചിരിക്കുന്നവനും എല്ലാത്തിനേയും നിലനിറുത്തുന്നവനുമായ ദൈവമാണ്. ആ ദൈവത്തെയാണ് ഇസ്‌ലാം അവതരിപ്പിക്കുന്നത്. ഏറ്റവും ആദ്യം ഇന്ത്യയിൽവന്ന് മതപരമായ സംവാദങ്ങളിൽ കാലു വെക്കുകയും ഇസ്‌ലാമിനുമേൽ ആക്ഷേപം ഉന്നയിക്കുകയും ചെയ്ത പാതിരി ഫണ്ടർ തന്റെ ഗ്രന്ഥമായ മീസാനുൽ ഹഖ്ഖിൽ സ്വയം ചോദിച്ചുകൊണ്ടെഴുതുന്നു: ത്രിയേകത്വത്തിന്റെ അധ്യാപനം നല്കപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും ദ്വീപുണ്ടെങ്കിൽ, അവിടുത്തെ വാസികൾ പരലോകത്തിൽ ത്രിയേകത്വവിശ്വാസത്തിന്റെ അടിസ്ഥാനത്തിലായിരിക്കുമോ ചോദ്യം ചെയ്യപ്പെടുന്നത്? പിന്നീട് അദ്ദേഹംതന്നെ അതിനു മറുപടി നല്കുന്നു, അവരോടു ഏകദൈവസിദ്ധാന്തത്തെ(തൗഹീദ്) കുറിച്ചായിരിക്കും ചോദിക്കുക. ഇതിൽനിന്ന് മനസ്സിലാക്കുക, തൗഹീദിന്റെ ചിത്രം ഓരോ വസ്തുവിലും കാണാൻ കഴിയുന്നില്ലെങ്കിൽ, ത്രിയേകത്വം ഒരു കൃത്രിമപരമായ സങ്കല്പമല്ലെങ്കിൽ പിന്നെ തൗഹീദിന്റെ അടിസ്ഥാനത്തിൽ ചോദ്യം ചെയ്യപ്പെടുന്നതെന്തിനാണ്?

### പ്രകൃതിയുടെ ഓരോ വസ്തുവിലും തൗഹീദിന്റെ ചിത്രം വെക്കപ്പെട്ടിരിക്കുന്നു.

യാഥാർഥ്യമെന്താണെന്നുവച്ചാൽ മനുഷ്യപ്രകൃതിയിൽത്തന്നെ ***അലസ്തു ബി റബ്ബിക്കും ഖാലൂ ബലാ***(7:173)–ഞാൻ നിങ്ങളുടെ നാഥനല്ലയോ? അതേ, എന്തുകൊണ്ടല്ല! –എന്ന് കൊത്തിവെക്കപ്പെട്ടിരിക്കുകയാണ്. ത്രിയേകത്വത്തിന്റെ ഒരു പരസ്പര ബന്ധവും മനുഷ്യപ്രകൃതിയിലും ലോകത്തിലെ ഒരു വസ്തുവിലുമില്ല. ജലത്തിന്റെ ഒരു കണിക നോക്കുക. അത് ഗോളാകൃതിയായിരിക്കും. ത്രിയേകത്വത്തിന്റെ രൂപത്തിൽ കാണുകയില്ല. ഇതിൽനിന്ന് വ്യക്തമായും മനസ്സിലാകുന്നത് തൗഹീദിന്റെ ചിത്രം പ്രകൃതിയുടെ ഓരോ വസ്തുവിലും കൊത്തിവെക്കപ്പെട്ടിരിക്കുന്നുവെന്നാണ്. നല്ലവണ്ണം ചിന്തിച്ചു നോക്കുക. ജലത്തിന്റെ കണിക ഗോളാകൃതിയിലാണ്. ഗോളാകൃതിയിൽ തൗഹീദ് മാത്രമാണുള്ളത്. അതുകൊണ്ട് അതിന് വശമില്ല. ത്രിയേകത്വരൂപം വശത്തെ ആഗ്രഹിക്കുന്നു. അഗ്നിയെ നോക്കുക. അതിന്റെ ആകൃതി കൂർത്തതാണ്. അതും ഗോളമുൾക്കൊള്ളുന്നുണ്ട്. അതിൽനിന്ന് തൗഹീദിന്റെ പ്രകാശം തിളങ്ങുന്നു. ഭൂമിയെ എടുത്തുനോക്കുക. അതിന്റെ രൂപമെന്താണെന്ന് ഇംഗ്ലീഷുകാരോടു ചോദിക്കുക. ഗോളമാണെന്ന് അവർ പറയും. ചുരുക്കത്തിൽ പ്രകൃതിപരമായ ഗവേഷണങ്ങൾ എവിടെവരെ ഉണ്ടായിക്കൊണ്ടിരിക്കുന്നുവോ അവിടെവരെ തൗഹീദു തന്നെയായിരിക്കും പുറത്തുവന്നുകൊണ്ടിരിക്കുക. ***അല്ലാഹു ഇന്ന ഫീ ഖൽഖി സ്സമാവാത്തി വൽഅർളി***(3:191) എന്ന വചനത്തിൽ പറയുന്നു: ഖുർആൻ സമർപിച്ച ദൈവത്തിനു വേണ്ടി ഭൂമിയിലും ആകാശത്തിലും തെളിവുകൾ നിറച്ചിരിക്കുന്നു. എനിക്ക് ഒരു ബുദ്ധിമാന്റെ വാക്യം വളരെ ഇഷ്ടപ്പെട്ടു; 'എല്ലാ ഗ്രന്ഥങ്ങളും വെള്ളത്തിലൊഴുക്കിയാലും ഇസ്‌ലാമിന്റെ ദൈവം അവശേഷിക്കുന്നതായിരിക്കും. കാരണം അവൻ ത്രികോണമോ കഥയോ അല്ല.' ഏതൊന്നിന്റെ സത്യസാക്ഷ്യമാണോ ഏതെങ്കിലുമൊരു പ്രത്യേക വസ്തുവുമായി മാത്രം ബന്ധപ്പെട്ടിരിക്കുന്നത് അതില്ലെങ്കിൽ അതിനെ കുറിച്ചുള്ള അറിവും ഉണ്ടാകുകയില്ല എന്നതാണ് വാസ്തവത്തിൽ പ്രബലമായ കാര്യം. കഥകളുടെ ചിത്രം മനസ്സിൽ നിലനില്ക്കുകയില്ല. പ്രകൃതിയുടെ ഏടുകളിലുമുണ്ടാകുകയില്ല. ഏതോ പണ്ഡിറ്റോ, പുരോഹിതനോ, പാതിരിയോ ഓർമിച്ചുവെച്ചതുകൊണ്ട് അതിന്റെ അസ്തിത്വം അംഗീകരിക്കപ്പെട്ടുവെന്ന് മാത്രം. അതിനുശേഷം തെറ്റായ അക്ഷരംപോലെ മാഞ്ഞുപോയി.

### ഖുർആനിക അധ്യാപനത്തിന്റെ സാക്ഷ്യം പ്രകൃതിനിയമത്തിന്റെ നാവിലൂടെ നിറവേറ്റപ്പെടുന്നു.

അല്ലാഹു പറയുന്നു: ***ഇന്നഹൂ ല ഖുർആനുൻ കരീം ഫീ കിതാബിൻ മ്മക്നൂൻ ല്ലാ യമുസ്സുഹൂ ഇല്ലൽ മുത്വഹ്ഹറൂൻ***(56:78–80). എന്നല്ല ഇവയെല്ലാം പ്രകൃതിയുടെ ഏടിന്റെ സുരക്ഷിതമായ പെട്ടിയിൽ സുരക്ഷിതമാണ്. ഇതിന്റെ ഉദ്ദേശ്യമെന്താണ്. അതായത് ഈ വിശുദ്ധ ഖുർആൻ ഒരു അച്ചടിക്കപ്പെട്ട ഗ്രന്ഥത്തിലാണുള്ളത്. അതിനാണ് പ്രകൃതിയുടെ ഏടെന്ന് പറയുന്നത്. അതായത് പ്രകൃതി നിയമത്തിന്റെ ഓരോരോ അണുവിന്റേയും നാവ് സാക്ഷ്യം പറയുന്നതാണ് വിശുദ്ധ ഖുർആനിന്റെ എല്ലാ അധ്യാപനങ്ങളും.

### ഇൽഹാമിന്റെ ആവശ്യകത

ഓരോ വ്യക്തിക്കും ബുദ്ധികൊണ്ട് വിശ്വാസത്തിന്റെ നിലകൾ താണ്ടാൻ സാധിക്കുകയില്ല. അതുകൊണ്ടാണ് ഇൽഹാമിന്റെ ആവശ്യം വരുന്നത്. അത് അന്ധകാരത്തിൽ ബുദ്ധിയെ പ്രകാശിക്കുന്ന ദീപമായി സഹായിക്കുന്നു. ഇ

(ശേഷം പേജ് 12ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

ഞാൻ നിങ്ങളെ ഓർമിപ്പിച്ചുകൊണ്ട് ഉപദേശിക്കുകയാണ്. എന്റെ ഖുത്‌ബ ജുമുഅകൾ അതീവ ശ്രദ്ധയോടുകൂടി കേൾക്കുക. അത് മനസ്സിലാക്കാൻ ശ്രമിക്കുക. ഞാൻ വിവരിച്ചിട്ടുള്ള സന്മാർഗങ്ങളേയും മാർഗദർശനങ്ങളേയും പിൻപറ്റുക. ഇത് നിങ്ങളുടെ ഈമാനേയും ഖിലാഫത്ത് വ്യവസ്ഥിതിയോടുള്ള ബന്ധത്തേയും ശക്തിപ്പെടുത്തുന്നതിന് നിമിത്തമാകുന്നതാണ്.

**അതുകൊണ്ട് നിങ്ങൾ മഹത്തായ ഈ നിഅ്മത്തിനെ വിലമതിക്കുക. നിങ്ങളും നിങ്ങളുടെ പിൻതലമുറക്കാരും എപ്പോഴും ഖിലാഫത്തിന്റെ അനുഗൃഹീത മാർഗദർശനത്തിലും തണലിലും സുരക്ഷിതമായ കോട്ടയിലും ഇരിക്കുമെന്ന് ഉറപ്പു വരുത്തുക.**

ഞാൻ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്, നിരന്തരം ആത്മപരിശോധന നടത്തിക്കൊണ്ട് നിങ്ങളുടെ ആന്തരികാവസ്ഥയെ മികച്ചതാക്കുക. നന്മയിലും ഭയഭക്തിയിലും എപ്പോഴും മുന്നോട്ടുപോകുക. നിങ്ങളുടെ എല്ലാ കർമങ്ങളിലും എല്ലാ പ്രവൃത്തികളിലും ഉദാത്തമായ രീതികളും ഉന്നതമായ കർമശൈലിയും സ്വായത്തമാക്കുക. അല്ലാഹുവിന്റെ എല്ലാ സൃഷ്ടികളോടും പ്രത്യേകിച്ചും മനുഷ്യരോട് വാത്സല്യത്തോടും ഔദാര്യത്തോടുംകൂടി പെരുമാറുക. എപ്പോഴും മാതൃകായോഗ്യരായ അഹ്മദി മുസ്‌ലിമാകുക.

## 2018 ഡിസംബറിൽ സംഘടിപ്പിച്ച മാൾട്ട അഹ്മദിയ്യാ ജമാഅത്ത് ജൽസസാലാനയിൽ ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ഉപദേശഭരിതമായ പ്രത്യേക സന്ദേശം.

മാൾട്ട(Malta) അഹ്മദിയ്യാ ജമാഅത്ത് 2018 ഡിസംബർ 2 ഞായറാഴ്ച തങ്ങളുടെ രണ്ടാമത് ജൽസസാലാന സംഘടിപ്പിച്ചു. ജൽസസാലാന സംഘടിപ്പിച്ചത് ഒരു ചർച്ചിന്റെ കെട്ടിടമായ Centru Famil ja Mqaddsa യുടെ ഒരു ഹാളിലായിരുന്നു. മുബല്ലിഗും ജർമനിയിലെ നാഇബ് അമീറുമായ മൗലാനാ ഹയദർ അലി സഫർ സാഹിബിന്റെ അധ്യക്ഷതയിലാണ് ആദ്യ സെഷൻ നടന്നത്. വിശുദ്ധ ഖുർആൻ പാരായണത്തിനും പദ്യാലാപന്തിനും ശേഷം സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് ഈ ജൽസയ്ക്കുവേണ്ടി അയച്ച പ്രത്യേകസന്ദേശം വായിച്ചു കേൾപ്പിക്കപ്പെട്ടു. അതിനുശേഷം ഉർദുവിലും ഇംഗ്ലീഷിലും പ്രസംഗങ്ങൾ നടന്നു. ഈ ജൽസയിൽ സമാപന പ്രഭാഷണം നടത്തിയത് മൗലാനാ ഹയദർ അലി സഫർ സാഹിബായിരുന്നു. രണ്ടാമത്തെ യോഗത്തിൽ Interfaith session സംഘടിപ്പിക്കപ്പെട്ടു. അതിന്റെ ശീർഷകം '***എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്***' എന്നതായിരുന്നു. വിശുദ്ധ ഖുർആൻ പാരായണത്തിനുശേഷം മുബല്ലിഗും ജർമനിയിലെ നാഇബ് അമീറുമായ മൗലാനാ ഹയദർ അലി സഫർ സാഹിബ് ജൽസയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളുടെ വെളിച്ചത്തിൽ വിവരിച്ചു. തുടർന്ന് മാൾട്ട പ്രസിഡന്റിന്റെ സന്ദേശം വായിച്ചു കേൾപ്പിച്ചു. അതുകഴിഞ്ഞ് മൂന്നു അതിഥികൾ തങ്ങളുടെ അഭിപ്രായങ്ങൾ പങ്കുവച്ചു. സമ്മേളനത്തിന്റെ സമാപനത്തിൽ മുബല്ലിഗും മാൾട്ട ജമാഅത്തിന്റെ സ്വദ്റുമായ ലഈഖ് അഹ്മദ് ആത്വിഫ് സാഹിബ് Inter Religious Peace എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. ദുആയോടുകൂടി ജൽസ സമാപിച്ചു. 75 പേരാണ് ജൽസയിൽ പങ്കെടുത്തത്. ഇതിൽ 37 അഹ്മദികളും 2 അനഹ്മദി മുസ്‌ലീംകളും 36 ക്രൈസ്തവ സഹോദരങ്ങളും പെടുന്നു. അൽഫള്ൽ ഇന്റർ നാഷണൽ 2019 മെയ് 10ന് പ്രസിദ്ധീകരിച്ച സയ്യിദുനാ അമീറുൽ മുഅ്മിനീന്റെ സന്ദേശം ബദ്ർ മലയാളം അനുവാചകർക്കുവേണ്ടി ഞങ്ങൾ പ്രസിദ്ധീകരിക്കുകയാണ്.(സഹ പത്രാധിപർ)

بسم اللہ الرحمن الرحیم

نحمدہ ونصلی علی رسولہ الکریم وعلی عبدہ المسیح الموعود

പ്രിയപ്പെട്ട മാൾട്ട ജമാഅത്തിലെ അംഗങ്ങളേ!

അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു.

ഡിസംബർ രണ്ടാം തിയതി നിങ്ങൾ നിങ്ങളുടെ ജൽസസാലാന സംഘടിപ്പിക്കുന്നു എന്നറിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. അല്ലാഹു മഹത്തായ വിജയം നില്കി നിങ്ങളുടെ ജൽസയെ അനുഗ്രഹിക്കുമാറാകട്ടെ. ജൽസയിൽ പങ്കെടുക്കുന്നവർക്ക് മതപരമായ ഈ വേറിട്ട സമ്മേളനത്തിൽനിന്ന് പൂർണമായും ആത്മീയ ഫലമെടുക്കാനും എണ്ണമറ്റ അനുഗ്രഹങ്ങൾ കരസ്ഥമാക്കാനും തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ.

നമുക്ക് യഥാർഥ അഹ്മദീ മുസ്‌ലിമാകാൻ നിരന്തരം കഠിനാധ്വാനം ചെയ്യേണ്ടതും ബയ്അത്തിന്റെ നിബന്ധനകളനുസരിച്ച് ശ്രമിക്കേണ്ടതും ആവശ്യമുണ്ടെന്ന് ഞാൻ എന്റെ ഖുത്ബകളിൽ ആവർത്തിച്ച് പറയാറുണ്ട്. അതിന്റെ പ്രതിജ്ഞ നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചെയ്തതാണ്. അദ്ദേഹത്തെ നബി(സ)തിരുമേനി 'നമ്മുടെ മഹ്ദി' എന്ന സ്നേഹവും ആദരവും നിറഞ്ഞ പദവിപ്പേര് നല്കി അനുഗ്രഹിച്ചിരിക്കുന്നു.

ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഈ ജമാഅത്തിൽ പ്രവേശിച്ചുകൊണ്ട് എന്നോടു വിശ്വാസബന്ധവും ശിഷ്യത്വവും വെച്ചു പുലർത്തുന്നതിന്റെ ഉദ്ദേശ്യം അവൻ സദാചാരത്തിന്റേയും സൗശീല്യത്തിന്റേയും തഖ്‌വയുടേയും ഉന്നതസ്ഥാനംവരെ എത്തുക എന്നാണ്. ഒരു കുഴപ്പവും ദ്രോഹവും ദുർന്നടപ്പും അവന്റെ അടുത്ത് വരാൻ പാടില്ല. അവൻ അഞ്ചുനേര നമസ്കാരം അനുഷ്ഠിക്കുന്നവനാകണം. അവൻ കളവ് പറയുന്നവനാകാൻ പാടില്ല. നാവുകൊണ്ട് ആരേയും വിഷമിപ്പിക്കരുത്. അവൻ ഒരു തരത്തിലുള്ള ദുഷ്ചെയ്തിക്കും ഇരയാകരുത്. ഏതെങ്കിലും ദ്രോഹത്തിന്റേയോ അക്രമത്തിന്റേയോ കുഴപ്പത്തിന്റേയോ ഫിത്നയുടേ യോ വിചാരംപോലും മനസ്സിലുണ്ടാകരുത്. ചുരുക്കത്തിൽ എല്ലാതരം പാപങ്ങളിൽനിന്നും കുറ്റകൃത്യങ്ങളിൽനിന്നും അനാവശ്യം ചെയ്യുന്നതിൽനിന്നും ആവശ്യമില്ലാത്തത് പറയുന്നതിൽനിന്നും എല്ലാവിധ ശാരീരികേച്ഛകളിൽനിന്നും ദുഷ്ചെയ്തികളിൽനിന്നും വിട്ടു നില്ക്കുക. അല്ലാഹുവിന്റെ പരിശുദ്ധ ഹൃദയരും നിർദോഷികളും സുദരിദ്രരുമായ ദാസരും ആയിത്തീരുക. വിഷലിപ്തമായ ഒരു സ്വഭാവവും അവരിൽ അവശേഷിക്കരുത്.' (മജ്മൂഅ ഇശ്തിഹാറാത്ത് , വാള്യം 3, പേജ് 46–47)

അതുകൊണ്ട് വെറും വിശ്വാസങ്ങളുടെ മാറ്റം മതിയായതല്ല. പ്രത്യുത ഒരു നല്ലതും ആത്മാർഥനുമായ അഹ്മദി മുസ്‌ലിം ആകുന്നതിന് നിങ്ങളുടെ എല്ലാവിധ ശക്തിയും കഴിവും രംഗത്തുകൊണ്ടുവന്ന് ബയ്അത്തിന്റെ നിബന്ധനകളനുസരിച്ച് കർമങ്ങൾ ചെയ്യേണ്ടത് നിർബന്ധമാണ്. ബയ്അത്ത് കൊണ്ടുള്ള ഉദ്ദേശ്യം തങ്ങളെ അല്ലാഹുവിന് വില്ക്കുക എന്നാണ്. ബയ്അത്തിന്റെ പ്രതിജ്ഞ ചെയ്യുന്നവർ വിനയം കൈക്കൊള്ളേണ്ടതാണ്. തങ്ങളെ അഹങ്കാരത്തിൽനിന്നും അഹന്തയിൽനിന്നും പൂർണമായും മാറ്റിനിറുത്തുക. ബയ്അത്തിന്റെ ഉദ്ദേശ്യം ദൈവകല്പനകളെ പൂർണമായും പിൻപറ്റുക എന്നതാണ്. ആരെങ്കിലും യഥാർഥത്തിൽ അങ്ങനെ ചെയ്യുന്നുണ്ടെങ്കിൽ അല്ലാഹു അത്തരം വ്യക്തിയെ നശിപ്പിക്കുകയില്ല. എല്ലാവിധത്തിലും അവനെ കാത്തുസൂക്ഷിക്കുന്നു.

ഞാൻ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്, നിരന്തരം ആത്മപരിശോധന നടത്തിക്കൊണ്ട് നിങ്ങളുടെ ആന്തരികാവസ്ഥയെ മികച്ചതാക്കുക. നന്മയിലും ഭയഭക്തിയിലും എപ്പോഴും മുന്നോട്ടുപോകുക. നിങ്ങളുടെ എല്ലാ കർമങ്ങളിലും എല്ലാ പ്രവൃത്തികളിലും ഉദാത്തമായ രീതികളും ഉന്നതമായ കർമശൈലിയും സ്വായത്തമാക്കുക. അല്ലാഹുവിന്റെ എല്ലാ സൃഷ്ടികളോടും പ്രത്യേകിച്ചും മനുഷ്യരോട് വാത്സല്യത്തോടും ഔദാര്യത്തോടുംകൂടി പെരുമാറുക. എപ്പോഴും മാതൃകായോഗ്യരായ അഹ്മദി മുസ്‌ലിമാകുക.

ഞാൻ നിങ്ങളെ ഓർമിപ്പിച്ചുകൊണ്ട് ഉപദേശിക്കുകയാണ്. എന്റെ ഖുത്‌ബ ജുമുകൾ അതീവ ശ്രദ്ധയോടുകൂടി കേൾക്കുക. അത് മനസ്സിലാക്കാൻ ശ്രമിക്കുക. ഞാൻ വിവരിച്ചിട്ടുള്ള സന്മാർഗങ്ങളേയും മാർഗദർശനങ്ങളേയും പിൻപറ്റുക. ഇത് നിങ്ങളുടെ ഈമാനേയും ഖിലാഫത്ത് വ്യവസ്ഥിതിയോടുള്ള ബന്ധത്തേയും ശക്തിപ്പെടുത്തുന്നതിന് നിമിത്തമാകുന്നതാണ്. ഇക്കാലഘട്ടത്തിൽ ഇസ്‌ലാമിന്റെ പുനരുഥാന പ്രവൃത്തിയും ആഗോളസമാധാനത്തിന്റെ കരസ്ഥമാകലും ഖിലാഫത്ത് വ്യവസ്ഥിതിയോടു ബന്ധപ്പെട്ടിരുന്ന് മാത്രമെ കരസ്ഥമാക്കാൻ സാധിക്കുകയുള്ളു. അതുകൊണ്ട് നിങ്ങൾ മഹത്തായ ഈ നിഅ്മത്തിനെ വിലമതിക്കുക. നിങ്ങളും നിങ്ങളുടെ പിൻതലമുറക്കാരും എപ്പോഴും ഖിലാഫത്തിന്റെ അനുഗൃഹീത മാർഗദർശനത്തിലും തണലിലും സുരക്ഷിതമായ കോട്ടയിലും ഇരിക്കുമെന്ന് ഉറപ്പു വരുത്തുക.

അല്ലാഹു നിങ്ങളുടെ ജൽസ മഹത്തായ വിജയമാക്കിത്തീർക്കട്ടെ. ബയ്അത്തിന്റെ എല്ലാ നിബന്ധനകളും അനുസരിച്ച് നടക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.നിങ്ങൾക്കെല്ലാവർക്കും ബയ്അത്തിന്റെ നിബന്ധനകളനുസരിച്ച് കർമങ്ങൾ ചെയ്യാൻ ഭാഗ്യം നല്കുമാറാകട്ടെ. നിങ്ങൾ തഖ്‌വയിലും ആത്മീയചൈതന്യത്തിലും നിരന്തരം അഭിവൃദ്ധിപ്പെടുന്നവരായിത്തീരട്ടെ. നിങ്ങളുടെ ജീവിതത്തിൽ ഒരു വമ്പിച്ച മാറ്റം കൊണ്ടുവരാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. നിങ്ങൾ പവിത്രതയിലും നല്ലപെരുമാറ്റത്തിലും ഇസ്‌ലാമികസേവനത്തിലും സൃഷ്ടിസേവനത്തിലും അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുമാറാകട്ടെ. അല്ലാഹു നിങ്ങളെല്ലാവരുടേയുംമേൽ ഒരുപാട് കൃപ ചൊരിയുമാറാകട്ടെ. വസ്സലാം

വിനീതൻ

മിർസാ മസ്റൂർ അഹ്മദ്
**ഖലീഫത്തുൽ മസീഹ് അൽ ഖാമിസ്**

# ഖുത്ബ ജുമുഅ

നബി(സ)തിരുമേനി പറഞ്ഞു: അദ്ദേഹം എന്റെ സഹോദരനായിരുന്നു.
കാരണം അദ്ദേഹവും ഒരു പ്രവാചകനായിരുന്നു. ഞാനും അല്ലാഹുവിന്റെ പ്രവാചകനാകുന്നു.

ബദ്‌രി സ്വഹാബാക്കാളോടൊപ്പം ചില സ്ത്രീകളുടെ കാര്യങ്ങളും ഇടയ്ക്കു വരുന്നുണ്ട്.
ഈ പുണ്യവതികളുടെ സ്ഥാനത്തെ കുറിച്ചും നമ്മൾ അറിയുന്നതിനുവേണ്ടിയാണിത്.
അതുകൊണ്ടാണ് ഞാൻ അവരെക്കുറിച്ചും പറഞ്ഞുകൊണ്ടിരിക്കുന്നത്.

ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപമായ നബി(സ)തിരുമേനിയുടെ ബദ്‌റിൽ പങ്കെടുത്ത
സ്വഹാബിമാരായ ഹദ്‌റത്ത് ഹദ്‌റത്ത് സയ്ദ് ബിൻ ഹാരിഥയുടേയും അദ്ദേഹത്തിന്റെ ഭാര്യയായ
ഉമ്മു അയമൻ(റ)ന്റേയും (റളിയല്ലാഹു അൻഹും വർളൂ അൻഹു) അനുഗൃഹീത ജീവചരിത്ര വിവരണം

ഉമ്മുൽ മുഅ്മിനീൻ ഹദ്‌റത്ത് സയ്നബ് ബിൻത് ജഹ്ശ്(റ)ന്റെ നിക്കാഹിന്റെ വിശദീകരണം.

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്‌റത്ത് മിർസാ മസ്‌റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

**ഖുത്ബ 2019 ജൂൺ 14/1398 ഇഹ്സാൻ 14**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ(യു.കെ)**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- اَلرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഹദ്‌റത്ത് സയ്ദ് ബിൻ ഹാരിഥയുടെ സംഭവങ്ങൾ കഴിഞ്ഞ ഖുത്ബയിൽ ഞാൻ വിവരിക്കുകയായിരുന്നു. ഇതിനോടനുബന്ധിച്ച് ത്വാഇഫ് യാത്രക്കിടയിൽ നടന്ന സംഭവങ്ങളും പറഞ്ഞിരുന്നു. അദ്ദേഹവും നബി(സ)തിരുമേനിയോടൊപ്പം ഉണ്ടായിരുന്നു. ത്വാഇഫിലെ ഈ യാത്രയെ കുറിച്ചുള്ള കൂടുതൽ വിശദീകരണം ഹദ്‌റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) തന്റെ സീറത്തു ഖാത്തമുന്നബിയ്യീൻ എന്ന ഗ്രന്ഥത്തിൽ എഴുതിയിട്ടുള്ളത് ഉദ്ധരിച്ച് വിശദീകരിക്കുകയാണ്.

ശഅബ് അബീത്വാലിബിൽനിന്ന് പുറപ്പെട്ടതിനുശേഷം നബി(സ)തിരുമേനി ത്വാഇഫിലേക്ക് യാത്ര ചെയ്തു. ഈ ഉപരോധം നീങ്ങിയപ്പോൾ നബി(സ)തിരുമേനിക്ക് തന്റെ അനക്കമടക്കങ്ങളിൽ അതായത് മൂവ്മെന്റ്(movement)ൽ ഒരു പരിധിവരെ സ്വാതന്ത്ര്യം കിട്ടി. അപ്പോൾ അവിടന്ന് ത്വാഇഫിൽ പോയി അവിടുത്തുകാരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കാം എന്ന് തീരുമാനിച്ചു. മക്കയുടെ തെക്കു കിഴക്കായി നാല്പത് മൈൽ ദൂരത്ത് സ്ഥിതി ചെയ്യുന്ന പ്രസിദ്ധമായ ഒരു പ്രദേശമാണ് ത്വായിഫ്. അക്കാലത്ത് ബനൂ സഖീഫ് ഗോത്രക്കാരായിരുന്നു അവിടെ താമസിച്ചിരുന്നത്. കഅ്ബയുടെ സവിശേഷത മാറ്റി നിറുത്തിക്കൊണ്ട് നോക്കുകയാണെങ്കിൽ ത്വാഇഫ് ഒരു നഗരമെന്ന നിലയ്ക്ക് മക്കയ്ക്കു സമാനമായിരുന്നു. അവിടെ വലിയ വലിയ സ്വാധീനമുള്ളവരും സമ്പന്നരുമായ ആളുകൾ താമസിച്ചിരുന്നു. ത്വഇഫിന്റെ ഈ പ്രധാന്യത്തെ മക്കക്കാരും അംഗീകരിച്ചിരുന്നു. മക്കക്കാർ തന്നെ പറയുന്നതായി വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു; *ലൗലാ നുസ്സില ഹാദൽ ഖുർആനു അലാ റജുലിൻ മിനൽ ഖരിയത്തയ്നി അളീം*(43:32) അഥവാ ഈ ഖുർആൻ അല്ലാഹുവിൽനിന്നാണെങ്കിൽ മക്കയിലേയോ ത്വാഇഫിലേയോ ഏതെങ്കിലും ഉന്നതനായ വ്യക്തിയുടെമേൽ എന്തുകൊണ്ട് ഇറക്കപ്പെട്ടില്ല. ചുരുക്കത്തിൽ, നബ്‌വി 10 ശവ്വാൽ മാസത്തിൽ നബി(സ)തിരുമേനി ത്വഇഫിലേക്കു പുറപ്പെട്ടു. ചില നിവേദനങ്ങളിൽ തിരുമേനി തനിച്ചാണ് പോയതെന്നും ചിലതിൽ സയ്ദ് ബിൻ ഹാരിഥയും കൂടെയുണ്ടായിരുന്നു എന്നും പറയുന്നു. അവിടെ എത്തി 10 ദിവസം താമസിച്ചു. പട്ടണത്തിലെ നിരവധി മുഖ്യന്മാരെ ഓരോരുത്തരായി കണ്ടു. എന്നാൽ, മക്കയെപ്പോലെതന്നെ ആ സമയത്ത് ഇസ്‌ലാം സ്വീകരിക്കുവാനുള്ള വിധി അവർക്കും ഉണ്ടായില്ല. എന്നല്ല എല്ലാവരും നിഷേധിക്കുകയും പരിഹസിക്കുകയും ചെയ്തു. ഒടുവിൽ നബി(സ)സ)തിരുമേനി ത്വാഇഫിലെ പ്രധാനമന്ത്രിയായിരുന്ന അബ്ദുയാലീലിന്റെ–ഹദീഥിൽ ഇബ്നു അബ്ദു യാലേൽ എന്നും വരുന്നുണ്ട്– അടുക്കൽ പോയി ഇസ്‌ലാമിലേക്കു ക്ഷണിച്ചു. അയാളും നിഷേധിച്ചുവെന്നു മാത്രമല്ല പരിഹസിച്ചുകൊണ്ടു പറഞ്ഞു: താങ്കൾ സത്യവാനാണെങ്കിൽ എനിക്ക് താങ്കളോടു സംസാരിക്കാൻ ധൈര്യമില്ല. വ്യാജനാണെങ്കിൽ അപ്പോൾ പിന്നെ സംസാരം വ്യർഥമാണ്. അതിനൊരു ഉദ്ദേശ്യവുമില്ല. പിന്നീട് നബി(സ)തിരുമേനി പറയുന്ന കാര്യങ്ങൾ യുവാക്കളിൽ എന്തെങ്കിലും സ്വാധീനം ചെലുത്തുമോ എന്നു ഭയപ്പെട്ട് അയാൾ പറഞ്ഞു: താങ്കൾ ഇവിടെ നിന്ന് പോകുന്നതാണ് നല്ലത്. കാരണം താങ്കൾ പറയുന്ന കാര്യങ്ങൾ കേൾക്കാൻ ഇവിടെ ആരും തയ്യാറല്ല. അതിനുശേഷം ആ ദുഷ്ടൻ നഗരത്തിലെ തെമ്മാടിക്കുട്ടികളെ ആ മഹാത്മാവിന്റെ പിന്നാലെ ഇളക്കിവിട്ടു. നബി(സ)തിരുമേനി നഗരത്തിൽ നിന്ന് പുറപ്പെട്ടപ്പോൾ ഇക്കൂട്ടർ അങ്ങയുടെ പിന്നാലെ കൂടി കല്ലെറിയാൻ തുടങ്ങി. അങ്ങനെ അങ്ങയുടെ ശരീരം മുഴുവൻ രക്തത്തിൽ കുളിച്ചു. ആദ്യത്തെ നിവേദനത്തിൽ ഇങ്ങനേയും ഉണ്ടായിരുന്നു, ഹദ്‌റത്ത് സയ്ദ് ബിൻ ഹാരിഥ ഒപ്പമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ തലയിലും ഏറുകൊണ്ടു.

കാരണം, നബിതിരുമേനിയുടെമേൽ കല്ലു കൊള്ളാതിരിക്കാൻ അദ്ദേഹം നോക്കുകയായിരുന്നു. മൂന്നു മൈൽ അക്കൂട്ടർ നബി(സ)തിരുമേനിയുടെ പിറകെകൂടി ചീത്ത വിളിക്കുകയും കല്ലെറിയുകയും ചെയ്തുകൊണ്ടിരുന്നു.

ത്വാഇഫിനു മൂന്നു മൈൽ ദൂരത്ത് മക്കയിലെ നേതാവായ ഉത്ബ ബിൻ റബീഅയുടെ ഒരു തോട്ടമുണ്ടായിരുന്നു. നബി(സ)തിരുമേനി അതിൽ അഭയം തേടുകയും അക്രമികൾ തളർന്ന് തിരിച്ചു പോകുകയും ചെയ്തു. അവിടെ ഒരു മരത്തണലിൽ നിന്നുകൊണ്ട് നബി(സ) തിരുമേനി ഇങ്ങനെ ദുആ ചെയ്തു: *അല്ലാഹുമ്മ ഇലയ്ക്ക അശ്കൂ ളുഅ്ഫ ഖുവ്വത്തീ വ ഖില്ലത്ത ഹീലത്തീ വ ഹവാനീ അലന്നാസി അല്ലാഹുമ്മ യാ അർഹമർറാഹിമീന അൻത റബ്ബുൽ മുസ്തള്അഫീന വ അൻത റബ്ബീ*

എന്റെ നാഥാ ഞാനെന്റെ കഴിവില്ലായ്മയും പ്രയത്നക്കുറവും ജനങ്ങളെ നേരിടുന്നതിലുള്ള സ്വന്തം നിസ്സഹായതയും നിന്നോടുതന്നെ പറയുകയാണ്. എന്റെ അല്ലാഹുവേ! നീ ഏറ്റവുമധികം കരുണ ചൊരിയുന്നവനാണ്. ബലഹീനരുടെയും നിസ്സഹായരുടെയും നിരീക്ഷകനും സംരക്ഷകനും നീ തന്നെയാണ്. നീ ത ന്നെയാണ് എന്റെ പരിപാലകൻ. ഞാൻ നിന്റെ തന്നെ വദനകമലത്തിന്റെ വെളിച്ചത്തിൽ അഭയയാജന നടത്തുന്നവനാകുന്നു. എന്തെന്നാൽ, അന്ധകാരത്തെയകറ്റുന്നവനും മനുഷ്യനെ ഇഹപരലോകങ്ങളുടെ നന്മകൾക്കവകാശികളാക്കുന്നവനും നീ തന്നെയാണ്.

ഉത്ബയും ശയ്ബയും തങ്ങളുടെ ആ തോട്ടത്തിൽ അപ്പോൾ ഉണ്ടായിരുന്നു. അവർ നബി(സ)തിരുമേനിയെ ആ അവസ്ഥയിൽ കണ്ടപ്പോൾ അടുത്തതോ അകന്നതോ ആയ ബന്ധത്തിന്റെ പേരിലോ അതല്ലെങ്കിൽ സമുദായ സ്നേഹത്തിന്റെ പേരിലോ മറ്റെന്തെങ്കിലും ചിന്തിച്ചുകൊണ്ടോ ആണെന്നറിയില്ല അദ്ദാസ് എന്നു പേരുള്ള ക്രിസ്ത്യാനിയായ തങ്ങളുടെ അടിമയുടെ കൈയിൽ ഒരു പാത്രത്തിൽ കുറച്ച് മുന്തിരി കൊടുത്തുവിട്ടു. അവിടന്ന് അതു വാങ്ങിക്കൊണ്ട് നീ ഏതു ദേശക്കാരനാണെന്നും ഏതു മതക്കാരനാണെന്നും അദ്ദാസിനോടു ചോദിച്ചു. താൻ നെനേവ ദേശക്കാരനാണെന്നും താനൊരു കൃസ്ത്യാനിയാണെന്നും അദ്ദാസ് പറഞ്ഞു. നബി(സ)ചോദിച്ചു: ദൈവത്തിന്റെ വരിഷ്ഠ ദാസനായ യൂനുസ് ബിൻ മത്തായുടെ നാടായ നെനേവക്കാരനോ? അദ്ദാസ് പറഞ്ഞു: അതെ, പക്ഷേ, യൂനുസിനെക്കുറിച്ച് താങ്കൾക്കെങ്ങനെ അറിയാം? നബി(സ)തിരുമേനി പറഞ്ഞു: അദ്ദേഹം എന്റെ സഹോദരനായിരുന്നു. കാരണം അദ്ദേഹവും ഒരു പ്രവാചകനായിരുന്നു. ഞാനും അല്ലാഹുവിന്റെ പ്രവാചകനാകുന്നു. ശേഷം അവിടന്ന് അദ്ദേഹത്തിന് ഇസ്‌ലാമിന്റെ സന്ദേശമെത്തിച്ചു. അത്

അയാളിൽ നല്ല സ്വാധീനമുണ്ടാക്കുകയും വികാരാവേശത്താൽ മൂന്നോട്ടാഞ്ഞുകൊണ്ട് നബി(സ)തിരുമേനിയുടെ കരങ്ങൾ മുത്തുകയും ചെയ്തു. ദൂരെ നിന്നുകൊണ്ട് ഉത്ബയും ശയ്ബയും ഈ ദൃശ്യം കാണുന്നുണ്ടായിരുന്നു. അദ്ദാസ് അവരുടെയടുക്കൽ തിരിച്ചെത്തിയപ്പോൾ അവർ ചോദിച്ചു: "അദ്ദാസേ! നിനക്കെന്താണ് പറ്റിയത്? അയാളുടെ കൈകൾ നീ മുത്തുന്നുണ്ടായിരുന്നല്ലോ? അയാൾ നിന്റെ വിശ്വാസത്തെ നശിപ്പിച്ചു കളയും. നിന്റെ ദീൻ അയാളുടെ ദീനിനേക്കാളും ഉത്തമമായതാണ്."

അതിനുശേഷം നബി(സ)തിരുമേനി അല്പനേരം ആ തോട്ടത്തിൽ വിശ്രമിച്ചു. പിന്നീട് യാത്ര തുടരുകയും നഖ്ലയിലെത്തുകയും ചെയ്തു. മക്കയിൽനിന്ന് ഒരു ദിവസത്തെ യാത്രാദൂരത്തുള്ള ഒരു സ്ഥലമാണ് നഖ്ല. നബി(സ)തിരുമേനി കുറച്ചുദിവസം അവിടെ താമസിച്ചു. അതിനുശേഷം നഖ്ലയിൽനിന്നു പുറപ്പെട്ട് അവിടന്ന് ഹിറാമലയിൽ വന്നു. കാരണം ബാഹ്യമായി നേക്കുമ്പോൾ ത്വഇഫ് യാത്ര പരാജയമായ കാരണത്താൽ മക്കക്കാർ കൂടുതൽ ശൂരരാകുമോ എന്ന ആശങ്കയുണ്ടായിരുന്നു. അതുകൊണ്ട് അവിടെനിന്ന് താൻ മക്കയിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്നുവെന്ന് പറഞ്ഞ് മുത്ഇം ബിൻ അദിയ്ക്ക് സന്ദേശമയച്ചു. ഇക്കാര്യത്തിൽ താങ്കൾക്കെന്നെ സഹായിക്കാൻ കഴിയുമോ? എന്നും ചോദിച്ചു. മുത്ഇം കൊടും കാഫിറായിരുന്നെങ്കിലും അദ്ദേഹത്തിൽ മാന്യതയുണ്ടായിരുന്നു. അത്തരം അവസ്ഥകളിൽ ആരെങ്കിലും അഭയം തേടിയാൽ അവർക്ക് അഭയം നല്താകാതെ നിഷേധിക്കുക എന്നത് മാന്യരായ അറബികളുടെ പ്രകൃതിക്ക് വിരുദ്ധമായിരുന്നു. എന്തായാലും അറബികളിൽ ആ ജാഹ്ലിയ കാലഘട്ടത്തിലും ഈ സവിശേഷത നിലനിന്നിരുന്നു. അതുകൊണ്ട് അദ്ദേഹം തന്റെ മക്കളേയും ബന്ധുക്കളേയും ഒപ്പം കൂട്ടുകയും ആയുധം ധരിച്ചുകൊണ്ട് കഅ്ബയുടെ അടുത്തു നിലയുറപ്പിക്കുകയും ചെയ്തു. വരാവുന്നതാണെന്നും തങ്ങൾ അഭയം താങ്കൾക്ക് നല്കാൻ തയ്യാറാണെന്നുമുള്ള വിവരം നബി(സ)തിരുമേനി യെ അറിയിച്ചു. നബി(സ)തിരുമേനി വരികയും കഅ്ബയ്ക്ക് വലം വെക്കുകയും ചെയ്തു. അവിടെനിന്ന് മുത്ഇമിന്റേയും അദ്ദേഹത്തിന്റെ മക്കളുടേയും വാളുകളുടെ തണലിൽ തന്റെ വീട്ടിൽ പ്രവേശിക്കുകയും ചെയ്തു. വഴിയിൽവച്ച് അബൂജഹ്ൽ ഈ അവസ്ഥയിൽ മുത്ഇമിനെ കണ്ടപ്പോൾ അത്ഭുതപ്പെട്ടുകൊണ്ട് ചോദിച്ചു: താങ്കൾ മുഹമ്മദിന് അഭയം മാത്രമാണോ നല്കിയത് അതോ അനുസാരിയായോ? മുത്ഇം പറഞ്ഞു: കേവലം അഭയം നല്കുന്നവനാണ്. അനുസാരിയല്ല. അപ്പോൾ അബൂജഹ്ൽ പറഞ്ഞു: ശരി, എന്നാൽപ്പിന്നെ കുഴപ്പമില്ല. മുത്ഇം കുഫ്റിന്റെ അവസ്ഥയിൽത്തന്നെയാണ് വഫാത്തായത്.(സീറത്തുഖാത്തുമുന്നബിയ്യീൻ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പേജ് 181-183)

എന്തായാലും അദ്ദേഹത്തിന്റെ ഒരു നന്മയുമുണ്ടായിരുന്നു. ഹദ്റത്ത് സയ്ദ് ഹിജ്റത്ത് ചെയ്ത് മദീനയിലെത്തിയപ്പോൾ ഹദ്റത്ത് കുൽഥൂം ബിൻ ഹിദും(റ)ന്റെ വീട്ടിലാണ് താമസിച്ചത്. ചിലർ പറയുന്നത് അദ്ദേഹം സഅദ് ബിൻ ഖയ്ഥമയുടെ അടുത്ത് താമസിച്ചുവെന്നാണ്. നബി(സ)തിരുമേനി ഹദ്റത്ത് സയ്ദിനെ, ഹദറത്ത് ഉസയ്ദ് ബിൻ ഹുളയ്റിന്റെ സഹോദരനാക്കി. ചിലർ എഴുതിയിട്ടുള്ളത് ഹദ്റത്ത് ഹംസയെയാണ് സഹോദരനാക്കിയതെന്നാണ്. അതു കൊണ്ടുതന്നെയാണ് ഹദ്റത്ത് ഹംസ യുദ്ധ സമയത്ത് ഹദ്റത്ത് സയ്ദിന്റെ പേരിൽ വസിയ്യത്തു ചെയ്തതത്രെ! (അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 32, സയ്ദ് അൽഹുബ്ബു ബിൻ ഹാരിഥ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്). (അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 6, ഹംസ ബിൻ അബ്ദുൽമുത്ത്വലിബ് പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്).

തൽസംബന്ധമായി ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്തു ഖാത്തമുന്നബിയ്യീനിൽ എഴുതിയിരിക്കുന്നു:

മദീനയിലെത്തി കുറച്ചു ദിവസങ്ങൾക്കുശേഷം നബി(സ) തിരുമേനി ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥയ്ക്ക് കുറച്ചു പണം നൽകിക്കൊണ്ട് മക്കയിലേക്കയച്ചു. കുറച്ചു ദിവസങ്ങൾക്കകം അദ്ദേഹം നബി(സ)തിരുമേനിയുടെ കുടുംബത്തോടൊപ്പം സുരക്ഷിതമായി മദീനയിൽ തിരിച്ചെത്തി. (സീറത്തു ഖാത്തമുന്നബിയ്യീൻ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ(റ) പേജ് 269)

ഹദ്റത്ത് ബറാഅ്(റ) നിവേദനം: നബി(സ) തിരുമേനി ദുൽ-ഖഅ്ദ് മാസത്തിൽ ഉംറ ചെയ്യാൻ തീരുമാനിച്ചു. മക്കക്കാർ അവിടന്ന് മക്കയിൽ പ്രവേശിക്കുന്നത് നിഷേധിച്ചു. അവസാനം അടുത്ത വർഷം ഉംറയ്ക്കു വരാമെന്നും ഇവിടെ മക്കയിൽ മൂന്നുദിവസം താമസിക്കാമെന്നുമുള്ള നിബന്ധനയിൽ അവരുമായി കരാർ ചെയ്തു. കരാർ പത്രിക എഴുതാൻ തുടങ്ങിയപ്പോൾ 'മുഹമ്മദ് റസൂലുല്ലാഹ്' യുമായി കരാർ ചെയ്ത നിബന്ധനകളാണ് ഇതെന്ന് എഴുതിയപ്പോൾ മക്കക്കാർ പറഞ്ഞു: ഞങ്ങൾ ഇതംഗീകരിക്കാൻ തയ്യാറല്ല. കാരണം താങ്കൾ അല്ലാഹുവിന്റെ റസൂലാണെന്ന് ഞങ്ങൾ അറിയുന്നുവെങ്കിൽ ഞങ്ങളൊരിക്കലും താങ്കളെ തടയുമായിരുന്നില്ല. ഞങ്ങളുടെ പക്കൽ താങ്കൾ മുഹമ്മദ് ബിൻ അബ്ദുല്ലായാണ്. നബി(സ)തിരുമേനി പറഞ്ഞു: 'ഞാൻ അല്ലാഹുവിന്റെ റസൂലുമാണ്, മുഹമ്മദ് ബിൻ അബ്ദുല്ലായുമാണ്.' അവിടന്ന് ഹദ്റത്ത് അലിയോടു, 'റസൂലുല്ലാഹ് എന്ന പദങ്ങൾ ഇവിടെനിന്ന് മായിക്കുക എന്നു പറഞ്ഞു. ഒരിക്കലും സാധ്യമല്ലെന്ന് ഹദ്റത്ത് അലി(റ) പറഞ്ഞു. അല്ലാഹുവാണ! ഞാൻ അങ്ങയുടെ സ്ഥാനപ്പേര് ഒരിക്കലും മായിക്കുകയില്ല. അതായത് അല്ലാഹുവിന്റെ റസൂൽ! അല്ലാഹു താങ്കൾക്കു നല്കിയിരിക്കുന്ന സ്ഥാനപ്പേര് എനിക്ക് മായിക്കാൻ കഴിയുകയില്ല. നബി(സ)തിരുമേനി അദ്ദേഹം എഴുതിയ കടലാസ് വാങ്ങി. അദ്ദേഹത്തിന് നല്ലവണ്ണം എഴുതാൻ അറിയുമായിരുന്നില്ല. ഈ നിബന്ധന മുഹമ്മദ് ബിൻ അബ്ദുല്ലാഹ് വെച്ച നിബന്ധനയാണെന്ന് എഴുതി. ഒരു ആയുധവും മക്കയിൽ കൊണ്ടുവരികയില്ല; വാളുകളല്ലാതെ. അത് ഉറകളിലായിരിക്കും. മക്കക്കാരിൽ ആരേയും കൂടെക്കൊണ്ടുപോകുകയില്ല;അവർ കൂടെ വരാൻ ആഗ്രഹിച്ചാൽത്തന്നെയും. തന്റെ കൂട്ടുകാരിൽ ആരെങ്കിലും മക്കയിൽ താമസിക്കാൻ ആഗ്രഹിച്ചാൽ ഒരിക്കലും തടയുകയില്ല. എന്തായാലും ഈ കരാർ അനുസരിച്ച് നബി(സ)തിരുമേനി അടുത്ത വർഷം മക്കയിൽ പ്രവേശിച്ചു. മൂന്നു ദിവസത്തെ കാലാവധി കഴിഞ്ഞപ്പോൾ ഖുറയ്ശികൾ ഹദ്റത്ത് അലിയുടെ അടുത്തുവന്നു പറഞ്ഞു: നിന്റെ കൂട്ടുകാരൻ മുഹമ്മദ് അതായത് നബി(സ)തിരുമേനി ഇവിടെനിന്ന് മടങ്ങിപ്പോകാൻ പറയുക. കാരണം അവധി കഴിഞ്ഞിരിക്കുന്നു. മുന്നു ദിവസം താമസിക്കുമെന്നായിരുന്നു നിബന്ധന. മൂന്നു ദിവസം കഴിഞ്ഞിരിക്കുന്നു. അങ്ങനെ നബി(സ)തിരുമേനി അവിടെ നിന്ന് യാത്ര തിരിച്ചു. ഹദ്റത്ത് ഹംസയുടെ മകൾ ഉമ്മാറ-ഒരു നിവേദനത്തിൽ അവരുടെപേര് ഉമാമ എന്നും മറ്റൊരു നിവേദനത്തിൽ അമത്തുല്ലാഹ് എന്നും പറയുന്നുണ്ട്- പിതൃവ്യാ! പിതൃവ്യാ! എന്നു പറഞ്ഞുകൊണ്ട് നബി(സ)തിരുമേനിയുടെ പിറകെ വന്നു. ഹദ്റത്ത് അലി ചെന്ന് അവളെ എടുത്തു. അവളുടെ കൈപിടിച്ചു. നീ പിതൃവ്യന്റെ മകളെ എടുക്കുകയെന്ന് ഹദ്റത്ത് ഫാത്വിമ(അ)യോടു പറഞ്ഞു. അവർ അവളെ കൊണ്ടുപോയി. അപ്പോൾ ഹദ്റത്ത് അലി, ഹദ്റത്ത് സയ്ദ്, ഹദ്റത്ത് ജഅ്ഫർ എന്നിവർ ഹദ്റത്ത് ഹംസയുടെ മകളുടെ കാര്യത്തിൽ തർക്കിക്കാൻ തുടങ്ങി. ഹദ്റത്ത് അലി പറഞ്ഞു, ഞാൻ അവളെ എടുത്തിരിക്കുന്നു. എന്റെ പിതൃവ്യന്റെ മകളാണ്. ഹദ്റത്ത് ജഅ്ഫർ പറഞ്ഞു: എന്റെ പിതൃവ്യന്റെ മകളാണ്. അവളുടെ മാതൃസഹോദരി അസ്മാ ബിൻത് ഉമയ്സ് എന്റെ ഭാര്യയാണ്. ഹദ്റത്ത് സയ്ദ് പറഞ്ഞു: നബി(സ)തിരുമേനി സഹോദരന്മാരാക്കിയതനുസരിച്ച് അവൾ എന്റെ സഹോദരന്റെ മകളാണ്. പിന്നീട് നബി(സ)തിരുമേനി അവളുടെ കാര്യത്തിൽ അവൾ തന്റെ മാതൃസഹോദരിയുടെ വീട്ടിൽ നില്ക്കട്ടെ എന്ന് തീരുമാനം എടുത്തു. അതായത് ഹദ്റത്ത് ജഅ്ഫറിന്റെ വീട്ടിൽ. പിന്നീട് അവിടന്ന് പറഞ്ഞു: മാതൃസഹോദരി മാതാവിന്റെ സ്ഥാനത്താണുള്ളത്. ഹദ്റത്ത് അലിയോടു പറഞ്ഞു: നീ എന്റേതാണ്; ഞാൻ നിന്റേതും. ഹദ്റത്ത് ജഅ്ഫറിനോടു പറഞ്ഞു: താങ്കൾ രൂപത്തിലും ജീവിതത്തിലും എന്നോടു സദൃശനാണ്. ഹദ്റത്ത് സയ്ദിനോടു പറഞ്ഞു: താങ്കൾ നമ്മുടെ സഹോദരനാണ്. സുഹൃത്തുമാണ്. ഹദ്റത്ത് അലി പറഞ്ഞു: അങ്ങയ്ക്ക് ഹംസയുടെ മകളെ വിവാഹം കഴിച്ചുകൂടേ? അവിടന്ന് പറഞ്ഞു, അവൾ എന്റെ മുലകുടിബന്ധത്തിലുള്ള സഹോദരന്റെ മകളാണ്. ഞാൻ ആ കുട്ടിയുടെ പിതൃവ്യനാകുന്നു. ഈ നിവേദനം ബുഖാരിയിലുണ്ട്. സീറത്ത് ഹൽബിയ്യായിലുമുണ്ട്.(സ്വഹീഹുൽ ബുഖാരി കിതാബുൽമഗാസി, ബാബാ ഉംറത്തുൽ ഖളാ, ഹദീഥ് 4251)അസ്സീറത്തുൽ ഹൽബിയ്യ വാല്യം 3 പേജ് 95 ബാബു ദിക്റു മഗാസിയ(സ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002)

ഹദ്റത്ത് സയ്ദു ബിൻ ഹാരിഥ(റ), ഹദ്റത്ത് ഉമ്മു അയ്മനെ വിവാഹം കഴിച്ചിരുന്നു. ഹദ്റത്ത് ഉമ്മു അയ്മന്റെ പേര് ബർക്കത്ത് എന്നാ

| | |
|---|---|
| 'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.' (ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565) | അമീറുൽ മുഅ്മിനീന്റെ ഉപദേശം:- |

ത്വാലിബെ ദുആ:
Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.

| | |
|---|---|
| "വ്യക്തിപരമായ നിലയിൽ ലയ്ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്." (ജുമുഅ ഖുത്ബ 25-7-2014) | അമീറുൽ മുഅ്മിനീന്റെ ഉപദേശം:- |

ത്വാലിബെ ദുആ:
Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.

യിരുന്നു. അവർ അവരുടെ മകൻ അയ്മന്റെ കാരണത്താലാണ് ഉമ്മു അയ്മൻ എന്ന സംജ്ഞാനാമത്തിൽ പ്രസിദ്ധയായിരുന്നത്. അവർ ഹബ്ശക്കാരിയായിരുന്നു. നബി(സ)തിരുമേനിയുടെ പിതാവ് അബ്ദുല്ലായുടെ ദാസി യായിരുന്നു. അദ്ദേഹത്തിന്റെ വഫാത്തിനുശേഷം ഹദ്റത്ത് ആമിനയുടെ അടുത്തായിരുന്നു താമസം. നബി(സ)തിരുമേനിക്ക് ആറ് വയസ്സ് പ്രായമുള്ളപ്പോൾ അവിടത്തെ വന്ദ്യമാതാവ് തങ്ങളുടെ മാതൃഗൃഹത്തിൽ നിന്ന് മദീനയിലേക്ക് നബിയേയും കൂട്ടി പോകുമ്പോൾ ഹദ്റത്ത് ഉമ്മു അയ്മൻ സേവകയായി കൂടെയുണ്ടായിരുന്നു. ചെറു പ്രായവുമായിരിക്കും. തിരിച്ചു വരുമ്പോൾ മസ്ജിദ് നബ്‌വിയിൽനിന്ന് അഞ്ചുമൈൽ ദൂരത്ത് 'അബ്‌വാ' എന്ന സ്ഥലത്ത് ഹദ്റത്ത ആമിന വഫാത്തായി. ഹദ്റത്ത് ഉമ്മു അയ്മൻ നബി(സ) തിരുമേനിയെ മക്കയിൽനിന്ന് പോയ ആ രണ്ടു ഒട്ടകപ്പുറത്തുതന്നെ മക്കയിൽ തിരിച്ചു കൊണ്ടുവന്നു. നബി(സ)തിരുമേനിയുടെ നുബുവ്വത്ത് വാദത്തിനു മുമ്പേ മക്കയിൽവച്ച് ഹദ്റത്ത് ഉമ്മു അയ്മന്റെ വിവാഹം ഒരു നീഗ്രോ അടിമയായിരുന്ന ഉബയ്ദ് ബിൻ സയ്ദുമായി നടന്നു. അതിലൊരു മകനുണ്ടായി. അയ്മൻ എന്നായിരുന്നു പേര്. ഹദ്റത്ത് അയ്മന് ഹുനയ്ൻ യുദ്ധത്തിൽ ശഹാദത്ത് പദവി കരസ്ഥമായി. ഹദ്റത്ത് ഉമ്മു അയ്മന്റെ ഭർത്താവ് മരണപ്പെട്ടപ്പോൾ ഹദ്റത്ത് സയ്ദുമായി അവരുടെ വിവാഹം നടത്തുകയുണ്ടായി. ഹദ്റത്ത് ഉമ്മു അയ്മൻ ഹദ്റത്ത് നബി(സ)തിരുമേനിയോട് അങ്ങേയറ്റത്തെ വാത്സല്യത്തോടെ പെരുമാറുകയും ശ്രദ്ധിക്കുകയും ചെയ്യുമായിരുന്നുവെന്ന് ഒരു നിവേദനത്തിൽ കാണാം. അതുകണ്ട് നബി(സ)തിരുമേനി പറഞ്ഞു: 'സ്വർഗസ്ഥയായ ഒരു സ്ത്രീയെ വിവാഹം കഴിച്ചുകൊണ്ട് സന്തോഷിക്കാൻ ആഗ്രഹിക്കുന്നവൻ ഉമ്മു അയ്മനെ വിവാഹം കഴിച്ചുകൊള്ളട്ടെ. അങ്ങനെയാണ് സയ്ദ് ബിൻ ഹാരിഥ അവരെ വിവാഹം കഴിക്കുന്നത്. അവരിൽനിന്നാണ് ഹദ്റത്ത് ഉസാമ പിറന്നത്. ഹദ്റത്ത് ഉമ്മു അയ്മൻ മുസ്‌ലിമീംകളോടൊപ്പം ഹബ്ശയിൽ ഹിജ്റത്ത് ചെയ്തിരുന്നു. അവിടെനിന്ന് ഹിജ്റത്തിനു ശേഷം മദീനയിലെത്തുകയും ഉഹുദ് യുദ്ധത്തിൽ പങ്കെടുക്കുകയും ചെയ്തു. യുദ്ധാവസരത്തിൽ അവർ ആളുകൾക്ക് വെള്ളം നൽകുകയും മുറിവേറ്റവരെ ശുശ്രുഷിക്കുകയും ചെയ്യുമായിരുന്നു. ഖയ്ബർ യുദ്ധത്തിലും പങ്കെടുക്കുവാൻ അവർക്കു സാധിച്ചു. ഹിജ്രി 23ന് ഹദ്റത്ത് ഉമർ(റ) ശഹീദായപ്പോൾ ഹദ്റത്ത് ഉമ്മു അയ്മൻ കുറേ കരഞ്ഞു. എന്തിനാണിങ്ങിനെ കരയുന്നതെന്ന് ആളുകൾ ചോദിച്ചപ്പോൾ അവർ മറുപടി പറഞ്ഞു: ഹദ്റത്ത് ഉമറിന്റെ ശഹാദത്തോടെ ഇസ്‌ലാമിന് ബലക്ഷയം സംഭവിച്ചിരിക്കുന്നു. ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ ഖിലാഫത്തിന്റെ ആരംഭത്തിൽ ഹദ്റത്ത് ഉമ്മു അയ്മൻ വഫാത്തായി.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 8, പേജ് 179–181, ഉമ്മു അയ്മൻ, വാള്യം 1, പേജ് 93–94, ദിക്റു വഫാത്തു ആമിന ഉമ്മു റസൂലില്ലാഹ് പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).(അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 1, പേജ് 77, ബാബു വഫാത്തു വാലിദത്തു റസൂലില്ലാഹ്(സ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002).(ഉസുദുൽ ഗാബ, വാള്യം 7, പേജ് 291, ഉമ്മു അയ്മൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003). (മുഅ്ജമുൽ ബുൽദാൻ, വാള്യം 1, പേജ് 102, 'അബ്‌വാഅ്'ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്).

ഹദ്റത്ത് സയ്ദിന്റെ വിവാഹം ഉമ്മുഅയ്മനുമായി നടന്നതിനെ സംബന്ധിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ) എഴുതിയിരിക്കുന്നതിന്റെ ചുരുക്കം ഇങ്ങനെയാണ്. ഉമ്മു അയ്മൻ(റ) എന്നു പറയുന്നത് നബി(സ)തിരുമേനിയുടെ പിതാവിന്റെ വഫാത്തിനുശേഷം ഒരു അടിമസ്ത്രീ എന്ന നിലയിൽ നബി(സ)തിരുമേനിക്ക് അനന്തരാവകാശത്തിൽ എത്തിയതായിരുന്നു. വലുതായപ്പോൾ അവിടന്ന് അവരെ സ്വതന്ത്രയാക്കി. അവരോടു ഔദാര്യത്തോടുകൂടി പെരുമാറിയിരുന്നു. പിന്നീട് ഉമ്മു അയ്മന്റെ വിവാഹം നബി(സ) തിരുമേനി സ്വതന്ത്രനാക്കിയ അടിമ സയ്ദ് ബിൻ ഹാരിഥയുമായി നടന്നു. അവരുടെ വയറ്റിൽ നിന്നാണ് ഉസാമ ബിൻ സയ്ദ് ജനിച്ചത്. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദറത്ത് മിർസാ ബശീർ അഹ്മദ് എം.എ.(റ) പേജ് 99) ഇദ്ദേഹത്തെ അൽഹിബ്ബുബ്നുൽഹിബ്ബി പ്രിയതമന്റെ പ്രിയപ്പെട്ട മകൻ എന്നു പറയാറുണ്ടായിരുന്നു.(അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്വഹാബ് വാള്യം 1, പേജ് 75, ദിക്റു ഉസാമ ബിൻ സയ്ദ്, പ്രസാധകർ ദാറുൽജീൽ ബേറൂത്ത് 1992)

ഹദ്റത്ത് ഉമ്മുഅയ്മനെ കണ്ടുകൊണ്ട് നബി(സ)തിരുമേനി 'യാ ഉമ്മഃ' അതായത് 'അല്ലയോ എന്റെ ഉമ്മാ' എന്നു പറയാറുണ്ടായിരുന്നു. നബി(സ)തിരുമേനി ഉമ്മു അയ്മനെ കാണുമ്പോൾ പറയുമായിരുന്നു, ഹാദിഹീ ബഖിയ്യത്തു അഹ്‌ലി ബയ്ത്തീ എന്റെ അഹ്‌ലുബയ്ത്തിൽ അവശേഷിച്ചവരാണ്. മറ്റൊരു നിവേദനമനുസരിച്ച് നബി(സ)തിരുമേനി ഇങ്ങനേയും പറയാറുണ്ടായിരുന്നു, ഉമ്മു അയ്മൻ ഉമ്മീ ബഅ്ദ ഉമ്മീ അതായത് ഉമ്മു അയ്മൻ എന്റെ യഥാർഥ മാതാവിനുശേഷമുള്ള എന്റെ ഉമ്മയാണ്. നബി(സ)തിരുമേനി അവരുടെ വീട്ടിലും അവരെ കാണുന്നതിന് പോകാറുണ്ടായിരുന്നു.(താരീഖ് അത്ത്വബരി വാള്യം 13, പേജ് 375, പ്രസാധകർ ദാറുൽഫിക്ർ ബേറൂത്ത് 2002)(ഉസുദുൽ ഗാബ, വാള്യം 7, പേജ് 291, ഉമ്മു അയ്മൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2008).

ഹദ്റത്ത് അനസ് ബിൻ മാലിക്(റ) നിവേദനം, മുഹാജിറുകൾ മദീനയിലെത്തിയപ്പോൾ അവരുടെ കൈയിൽ ഒന്നുമില്ലായിരുന്നു. സ്ഥലവും ഭൂസ്വത്തുമുള്ളവരായിരുന്നു അൻസ്വാർ. അപ്പോൾ അൻസ്വാർ അവരുമായി കരാറുണ്ടാക്കി, അവർക്ക് തങ്ങളുടെ തോട്ടങ്ങളിലെ ഫലങ്ങൾ ഓരോ വർഷവും നല്കുന്നതായിരിക്കുമെന്ന്. പക്ഷേ, അതിൽ ജോലി അവർ സ്വയം എടുത്തുകൊള്ളേണ്ടതാണ്. തോട്ടത്തിലെ ഫലങ്ങൾ നല്കും, വരുമാനവും നല്കും. പക്ഷേ, തോട്ടങ്ങൾ നോക്കി അതിൽ പണിയെടുത്തുകൊള്ളണം. അത് മുഹാജിറുകൾതന്നെ ചെയ്യേണ്ടതാണ്. ഹദ്റത്ത് അനസിന്റെ മാതാവായിരുന്നു, ഹദ്റത്ത് ഉമ്മു സുലയിം. അവർ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബീത്വൽഹായുടേയും മാതാവായിരുന്നു. ഹദ്റത്ത് അനസിന്റെ മാതാവ് ഹദ്റത്ത് ഉമ്മു സുലയിം നബി(സ)തിരുമേനിക്ക് കുറച്ചു ഈന്തപ്പനകൾ നൽകിയിരുന്നു. നബിതിരുമേനി അത് ഹദ്റത്ത് ഉസാമാ ബിൻ സയ്ദിന്റെ മാതാവായ ഹദ്റത്ത് ഉമ്മു അയ്മനു നൽകുകയുണ്ടായി.

ഇബ്നു ശിഹാബ് പറയുന്നു: എന്നോടു ഹദ്റത്ത് അനസ് ബിൻ മാലിക് പറഞ്ഞു: നബി(സ)തിരുമേനി ഖയ്ബർയുദ്ധം കഴിഞ്ഞ് മദീനയിലെത്തിയപ്പോൾ മുഹാജിറുകൾ അൻസ്വാറിന്റെ ആ ഉപഹാരങ്ങൾ തിരിച്ചു നൽകുകയുണ്ടായി. തങ്ങളുടെ തോട്ടങ്ങളിൽനിന്ന് മുഹാജിറുകൾക്ക് നല്കിയിരുന്ന വൃക്ഷങ്ങൾ തിരികെ നല്കി. ഇപ്പോൾ അവർക്കും കുറച്ചൊക്കെ സമ്പത്തും സ്വത്തുമെല്ലാം കിട്ടിയിരുന്നു. നബി(സ) തിരുമേനിയും ഹദ്റത്ത് അനസ്(റ)ന്റെ മാതാവിന്റെ ഈന്തപ്പനകൾ അവർക്കു തിരിച്ചു നൽകുകയും ഉമ്മു അയ്മന് അതിനു പകരമായി നബിതിരുമേനി സ്വന്തം തോട്ടത്തിലെ ഈന്തപ്പനകൾ നൽകുകയും ചെയ്തു. (സ്വഹീഹുൽ ബുഖാരി, കിതാബുൽഹിബ, ഹദീഥ് 2630)

ബുഖാരിയിലെ മറ്റൊരു നിവേദനത്തിൽ ഇതിനെ കുറിച്ചുള്ള കൂടുതൽ വിശദീകരണം ഇങ്ങനെയാണ്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അനസ്(റ) നിവേദനം. ഏതോ ഒരു സ്വഹാബി നബി(സ)തിരുമേനിക്കുവേണ്ടി കുറച്ച് ഈത്തപ്പനകൾ പ്രത്യേകപ്പെടുത്തിയിരുന്നു. നബി(സ)തിരുമേനി ഖുറയ്ളയേയും നളീറിനേയും കീഴടക്കിയപ്പോൾ നബി(സ)തിരുമേനിക്ക് അതിന്റെ ആവശ്യം വന്നില്ല. അദ്ദേഹം പറയുന്നു, ഞാൻ നബി(സ)തിരുമേനിയുടെ അടുത്തുപോകാനും ഞാൻ നബി(സ)തിരുമേനിക്ക് നല്കിയിരുന്ന മരങ്ങളിൽനിന്ന് കുറച്ച് തിരിച്ചു ചോദിക്കാനും എന്റെ വീട്ടുകാർ എന്നോടു പറഞ്ഞു. കാരണം ഇപ്പോൾ നബി(സ)തിരുമേനിക്ക് അതിന്റെ ആവശ്യമില്ലായിരുന്നു. ഹദ്റത്ത് അനസിൽനിന്നാണ് ഈ നിവേദനം. പറയുന്നു, നബി(സ)തിരുമേനി ആ മരങ്ങൾ ഹദ്റത്ത് ഉമ്മു അയ്മന് നല്കിയിരിക്കുകയായിരുന്നു. ഇതുകേട്ടുകൊണ്ട് ഹദ്റത്ത് ഉമ്മുഅയ്മൻ വന്നു. എന്റെ കഴുത്തിൽ തുണിയിട്ടുകൊണ്ട് 'താൻ ഒരിക്കലും ഇതു തരികയില്ലെന്ന്' പറഞ്ഞു. പങ്കാളികളാരുമില്ലാത്ത അല്ലാഹുവാണ! ഈ മരങ്ങൾ താങ്കൾക്കൊരിക്കലും കിട്ടുകയില്ല. നബി(സ)തിരുമേനി എനിക്കിത് തന്നുകഴിഞ്ഞിട്ടുള്ളതാണ്. ഇങ്ങനെ എന്തൊ ആണ് പറഞ്ഞത്. നബി(സ)തിരുമേനി ഹദ്റത്ത് ഉമ്മു അയ്മനോടു പറഞ്ഞു, കാര്യമാക്കണ്ട, തിരിച്ചു നല്കുക. ഇത്രത്തന്നെ നിങ്ങൾക്ക് വേറെ തരുന്നതായിരിക്കും. എത്രമരമാണോ തന്നിട്ടുള്ളത് അത്രതന്നെ മരങ്ങൾ വേറെ സ്ഥലത്തുനിന്ന് നിങ്ങൾക്കു തരുന്നതായിരിക്കും. പക്ഷേ, അവർ പറഞ്ഞു, 'അല്ലാഹുവാണ! ഒരിക്കലുമില്ല.' ഹദ്റത്ത് അനസ്(റ) പറയുന്നു, നബി(സ) തിരുമേനി അവർക്ക്, ഹദ്റത്ത് ഉമ്മുഅയ്മന് പത്തിരട്ടിനല്കി. അല്ലെങ്കിൽ അതുപോലുള്ള വാക്കുകളാണ് പറഞ്ഞതെന്ന് ഞാൻ വിചാരിക്കുന്നു.(സ്വഹീഹുൽ ബുഖാരി കിതാബുൽമഗാസി, ഹദീഥ് 4120)അതായത് ഞാൻ നിനക്ക് പത്തിരട്ടി നല്കാം. അതിനുശേഷം ആ മരങ്ങൾ തിരിച്ചു നല്കപ്പെട്ടു.

ഒരു നിവേദനമുണ്ട്. ഹദ്റത്ത് ഉമ്മു അയ്മൻ മദീനയിലേക്ക് കാൽനടയായി ഹിജ്റത്തു ചെയ്യുമ്പോൾ വളരെയധികം ദാഹിച്ചു. അല്ലാഹുവുമായി പ്രത്യേക ബന്ധമുള്ള പുണ്യവതിയായിരുന്നു അവർ. കൈയിൽ വെള്ളവുമില്ല അതികഠിനമായ ഉഷ്ണവുമായിരുന്നു. ആ അവസ്ഥയിൽ അവരുടെ തലയ്ക്കുമീതെ നിന്ന് എന്തോ ശബ്ദം അവർ കേട്ടു. നോക്കിയപ്പോൾ കണ്ടത് ആകാശത്തുനിന്ന് ബക്കറ്റിന്റെ രൂപത്തിലുള്ള എന്തോ ഒന്ന് താഴേക്കു വരികയും അതിൽനിന്ന് വെളുത്ത വെള്ളത്തുള്ളികൾ ഇറ്റുവീഴുകയും ചെയ്യുന്നതാണ്. അവർ അതിൽ നിന്ന് മതിയാവോളം വെള്ളം കുടിക്കുകയും ചെയ്തു. അവർ പറയുമായിരുന്നു, അതിനുശേഷം എനിക്ക് ദാഹമേ ഉണ്ടായിട്ടില്ല. നോമ്പിന്റെ അവസ്ഥയിൽപ്പോലും എനിക്ക് ദാഹിച്ചി ട്ടില്ല.

ബദ്രി സ്വഹാബാക്കാളോടൊപ്പം ചില സ്ത്രീകളുടെ കാര്യങ്ങളും ഇടയ്ക്കു വരുന്നുണ്ട്. ഈ പുണ്യവതികളുടെ സ്ഥാനത്തെ കുറിച്ചും നമ്മൾ അറിയുന്നതിനുവേണ്ടിയാണിത്. അതുകൊണ്ടാണ് ഞാൻ അവരെക്കുറിച്ചും പറയുന്നത്.

ഹദ്റത്ത് ഉമ്മു അയ്മന് സംസാരത്തിൽ അല്പം വിക്കുണ്ടായിരുന്നു. വിക്കുള്ളതു കാരണം ആരുടെയെങ്കിലും അടുത്തു പോകുമ്പോൾ സലാമുല്ലാഹി അലയ്ക്കും എന്നാണു പറയാറുണ്ടായിരുന്നത്. (ആദ്യം സലാമുല്ലാഹി അലയ്ക്കും എന്നു പറയുന്ന സമ്പ്രദായമായിരുന്നു). വിക്കു കാരണത്താൽ സലാമുൻ ലാ അലയ്ക്കും എന്നാണ് പറഞ്ഞിരുന്നത്. അങ്ങനെ നബി(സ)തിരുമേനി അവരോടു സലാമുല്ലാഹി അലയ്ക്കും എന്നതിനു പകരം സലാമുൻ അലയ്ക്കും എന്നോ അസ്സലാമു അലയ്ക്കും എന്നോ പറയാൻ അനുവാദം നൽകി. ഇപ്പോൾ ഈ സമ്പ്രദായമാണുള്ളത്.

ഹദ്റത്ത് ആഇശ(റ) പറയുന്നു: ഒരു ദിവസം നബി(സ)തിരുമേനി വെള്ളം കുടിച്ചു. അപ്പോൾ ഹദ്റത്ത് ഉമ്മുഅയ്മൻ(റ), നബി(സ) തിരുമേനിയുടെ അടുത്തുണ്ടായിരുന്നു. അവർ പറഞ്ഞു: യാ റസൂലല്ലാഹ്! എനിക്കും വെള്ളം തരിക. ഹദ്റത്ത് ആഇശ(റ) പറയുന്നു: അതു കേട്ട് ഞാൻ അവരോടു പറഞ്ഞു, നിന്നെ വെള്ളം കുടിപ്പിക്കാൻ നീ നബി(സ)തിരുമേനിയോടു പറയുകയാണോ? അതുകേട്ട് അവർ പറഞ്ഞു, ഞാൻ നബി(സ)തിരുമേനിക്ക് കൂടുതൽ സേവനം ചെയ്തിട്ടില്ലേ? അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു, നീ സത്യമാണ് പറഞ്ഞത്. പിന്നീട് നബി(സ)തിരുമേനി അവരെ വെള്ളം കുടിപ്പിച്ചു.(അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 1, പേജ് 77-78, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002)

ഹദ്റത്ത് അനസ്(റ) വിവരിക്കുന്നു, നബി(സ) തിരുമേനിയുടെ വഫാത്തായപ്പോൾ ഹദ്റത്ത് ഉമ്മു അയ്മൻ കരഞ്ഞുകൊണ്ടിരുന്നു. നബി (സ)തിരുമേനിക്കുവേണ്ടി നിങ്ങളെന്തിനാണ് കരയുന്നതെന്ന് ചോദിക്കപ്പെട്ടു. അവർ പറഞ്ഞു, നബി(സ)തിരുമേനിയും വഫാത്താകുമെന്ന് എനിക്കറിയാമായിരുന്നു. പക്ഷേ, ഞാൻ കരയുന്നത് വഹ്‌യ് നിങ്ങളിൽനിന്ന് എടുക്കപ്പെട്ടല്ലോ എന്നോർത്താണ്. (ഉസുദുൽ ഗാബ, വാള്യം 7, പേജ് 291, ഉമ്മു അയ്മൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2008).

അതായത് നബി(സ)തിരുമേനി വഫാത്തായി എന്നത് ഒരു ദുഃഖം. അതൊന്നു വേറെ തന്നെയാണ്. അതിനോടൊപ്പം ഇറങ്ങിക്കൊണ്ടിരുന്ന പുതിയ പുതിയ ഇൽഹാമുകൾ നിലച്ചിരിക്കുന്നു. ഇക്കാരണത്താലാണ് എനിക്ക് കരച്ചിൽ വരുന്നത്.

ഹദ്റത്ത് അനസ് ബിൻ മാലിക്(റ) വിവരിക്കുന്നു, നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം ഒരിക്കൽ ഹദ്റത്ത് ഉമർ(റ)നോടു ഹദ്റത്ത് അബൂബക്കർ (റ) പറഞ്ഞു: വരൂ നമുക്ക് ഹദ്റത്ത് ഉമ്മു അയ്മനെ കാണാൻപോകാം; നബിതിരുമേനി അവരെ കാണാറുണ്ടായിരുന്നതുപോലെ. ഞങ്ങൾ അവരുടെയടുത്തെത്തിയപ്പോൾ അവർ കരയാൻ തുടങ്ങി. അപ്പോൾ അവരിരുവരും പറഞ്ഞു; എന്തിനാണു കരയുന്നത്. അല്ലാഹുവിന്റെ പക്കലുള്ളതെല്ലാം നബി(സ)തിരുമേനിയ്ക്ക് ഉത്തമമായിട്ടുള്ളതാണ്. ഹദ്റത്ത് ഉമ്മു അയ്മൻ പറഞ്ഞു, അല്ലാഹുവിന്റെ പക്കലുള്ളതെല്ലാം നബി(സ)തിരുമേനിയ്ക്ക് ഉത്തമമായിട്ടുള്ളതാണെന്ന് എനിക്കറിയാകയില്ല. ഞാൻ പറഞ്ഞതുപോലെ നന്മയിൽ അവർക്കും വലിയ സ്ഥാനമാണുണ്ടായിരുന്നത്. അവർ പറയുന്നു, ആകാശത്തു നിന്നുള്ള വഹ്‌യ് നിലച്ചുപോയി എന്ന കാര്യമോർത്താണ് ഞാൻ കരയുന്നത്. അവർ അവരിരുവരെയും കരയിച്ചു. അങ്ങനെ അവരും കരയാൻ തുടങ്ങി. (സ്വഹീഹ് മുസ്‌ലിം, കിതാബു ഫളാഇലുസ്സ്വഹാബ, ഉമ്മു അയ്മൻ, ഹദീഥ് 2454)

ഹദ്റത്ത് ഉസാമയുടേയും ഹദ്റത്ത് സയ്ദിന്റേയും നിറത്തിൽ വ്യത്യാസമുണ്ടായിരുന്നു. മാതാവ് ഹബ്ശക്കാരിയായിരുന്നു; ആഫ്രിക്കനായിരുന്നു. സയ്ദ് മറ്റു രാജ്യക്കാരനായിരുന്നു. ഇക്കാരണത്താൽ പിതാവും പുത്രനും തമ്മിൽ വ്യത്യാസമുണ്ടായിരുന്നു. മാതാവിലേക്കായിരുന്നു അദ്ദേഹത്തിന്റെ നിറം കൂടുതലുണ്ടായിരുന്നത്. ഇക്കാരണത്താൽ ചിലയാളുകൾ ഹദ്റത്ത് ഉസാമായുടെ മക്കളുടെമേൽ ആക്ഷേപം ഉന്നയിക്കാറുണ്ടായിരുന്നു. സയ്ദിന്റെ മകനല്ലെന്ന് ആക്ഷേപിക്കുമായിരുന്നു. കപടവിശ്വാസികളും ആക്ഷേപിക്കാറുണ്ടായിരുന്നു. ഹദ്റത്ത് ആഇശ(റ) പറയുന്നു: നബി(സ)തിരുമേനി ഒരു ദിവസം എന്റെയടുത്തു വന്നു. അവിടന്ന് വളരെ സന്തോഷത്തിലായിരുന്നു. അവിടന്ന് പറഞ്ഞു: ആഇശാ! ഇപ്പോൾ മുജസ്സിസ്സ് മുദ്‌ലജീ എന്റെ അടുത്തുവന്നു. അദ്ദേഹം ഉസാമാ ബിൻ സയ്ദിനേയും സയ്ദ് ബിൻ ഹാരിഥയേയും ഒരേ പുതപ്പിൽ കണ്ടു. ചൂടുകൊണ്ടോ മഴകൊണ്ടോ എന്തായാലും എന്തോ കാരണത്താൽ ഒരു പുതപ്പ് ഇരുവരും എടുത്തിരുന്നു. മുഖം മൂടിയിരുന്നു. അതുകൊണ്ട് അവർ തങ്ങളുടെ തല മൂടിയിരുന്നു. മുഖവും കാണാൻ കഴിഞ്ഞിരുന്നില്ല. അവരിരുവരുടേയും കാലുകൾ പുറത്തു കാണാമായിരുന്നു. അദ്ദേഹം പറഞ്ഞു തീർച്ചയായും ഈ കാൽപാദങ്ങൾ പരസ്പര ബന്ധമുള്ളതാണ്. അതുകൊണ്ട് നബി(സ)തിരുമേനി വളരെ സന്തോഷത്തിലായിരുന്നു. ഉസാമായുടെമേലുള്ള ആക്ഷേപം ഇന്ന് അകന്നിരിക്കുന്നു. കാരണം ഇദ്ദേഹമൊരു വിദഗ്ദ്ധനായ മുഖലക്ഷണം പറയുന്നയാളാണ്. മുഖലക്ഷണം പറയുന്നവർ ഭൗതികരാണ്. അദ്ദേഹത്തിന്റെ ഇതും സാക്ഷ്യമാണ്. (സ്വഹീഹുൽ ബുഖാരി, കിതാബുൽ ഫറാഇള്, ഹദീഥ് 6771)(ഫത്ഹുൽ ബാരി ശറഹ് സ്വഹീഹുൽ ബുഖാരി കിതാബുൽ ഫറാഇള് ഹദീഥ് 6771, വാള്യം 12, പേജ് 58, പ്രാസധകർ ദാറുർറയ്യാൻ ലിത്തുറാഥിൽ ഖാഹിറ 1987)

അറേബ്യയിലെ ചുറ്റുപാടിൽ ഇതൊരു ഉറച്ച കാര്യമായിരുന്നു. അല്ലാതെ ഇതിനത്ര പ്രസക്തിയൊന്നുമില്ല. പക്ഷേ, ഭൗതികരായ ആളുകളുടെ വായടപ്പിക്കുന്നതിന്, കപടവിശ്വാസികളെ സ്തംബ്ദരാക്കുന്നതിന് ഒരു തെളിവുകിട്ടിയെന്നുമാത്രം. അതുകൊണ്ടാണ് നബി(സ)തിരുമേനി സന്തോഷിച്ചത്.

നബി(സ)തിരുമേനി സ്വതന്ത്രനാക്കിയ അടിമയും അവിടത്തെ ദത്തുപുത്രനുമായിരുന്നു ഹദ്റത്ത് സയ്ദ്(റ). നബിതിരുമേനി അദ്ദേഹത്തിന്റെ വിവാഹം സയ്നബ് ബിൻത് ജഹ് ശുമായി നടത്തിയിരുന്നു. എന്നാൽ, അത് അധികകാലം നിലനിന്നില്ല. ഹദ്റത്ത് സയ്ദ് ഹദ്റത്ത് സയ്നബിനെ ത്വലാഖ് ചെയ്തു. ഈ വിവാഹം ഒരു വർഷമോ അതിനെക്കാൾ കുറച്ച് അധികമോ നിലനിന്നുള്ളു. അതിനുശേഷം നബി (സ)തിരുമേനി ഹദ്റത്ത് സയ്നബ് ബിൻത് ജഹ്ശിനെ വിവാഹം ചെയ്തു. (അസ്സീറത്തുന്നബവിയ്യ, പേജ് 628-629, സയ്നബ് ബി ൻത് ജഹ്ശ്, ദാറുൽമഅ്രിഫത്തി ബേറൂത്ത് 2007)

വിവിധ ഉദ്ധരണികൾ സമാഹരിച്ച് സീറത്തു ഖാത്തമുന്നബിയ്യീനിൽ ഹദ്ത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതിയ ഇതിന്റെ വിശദീകരണം ഇങ്ങനെയാണ്. ഹിജ്റത്തിന്റെ അഞ്ചാമത്തെ വർഷം ബനീ മുസ്ത്വലിഖ് യുദ്ധത്തിന് കുറച്ചു കാലം മുമ്പേ ഹിജ്റ 5 ശഅ്ബാൻ മാസത്തിൽ നബി(സ)തിരുമേനി ഹദ്റത്ത് സയ്നബ് ബിൻത് ജഹ്ശിനെ വിവാഹം ചെയ്തു. ഹദ്റത്ത് സയ്നബ് നബി(സ) തിരുമേനിയുടെ പിതൃസഹോദരിയായ ഉമയ്മ ബിൻത് അബ്ദുൽ മുത്ത്വലിബിന്റെ മകളായിരുന്നു. അങ്ങേയറ്റത്തെ മുത്തഖിയും മാന്യയുമായിരുന്നിട്ടും അവരുടെ പ്രകൃതത്തിൽ അല്പം കുടുംബമഹിമയുടെ ലക്ഷണങ്ങൾ പ്രകടമായിരുന്നു. ഇതിനെതിരിൽ നബി(സ)തിരുമേനിയുടെ പ്രകൃതത്തിൽ ഇത്തരത്തിലുള്ള ചിന്താഗതികൾ അശേഷം ഉണ്ടായിരുന്നില്ല. എങ്കിലും അവിടന്ന് കുടുംബപരമായ അവസ്ഥകളെ സാംസ്കാരികമായ വർണത്തിൽ പരിഗണനാർഹമായി മനസ്സിലാക്കിയിരുന്നു. നബി(സ)തിരുമേനിയുടെ പക്കൽ മാഹാത്മ്യത്തിന്റെ യഥാർഥ നിലവാരം വ്യക്തിപരമായ സവിശേഷ ഗുണങ്ങളിലും ദൈവഭയത്തിലും പരിശുദ്ധിയിലുമധിഷ്ഠിതമായിരുന്നു. *ഇന്ന അക്റമക്കും യിൻദല്ലാഹി അത്ഖാക്കും* എന്ന് വിശുദ്ധ ഖുർആൻ പറഞ്ഞതുപോലെ;(49:14) തീർച്ചയായും നിങ്ങളിൽ ഏറ്റവും ബഹുമാന്യൻ അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽ ഏറ്റവും ഭയഭക്തിയുള്ളവനാകുന്നു. അതുകൊണ്ട് അവിടന്ന് ഒട്ടും താമസിയാതെ തന്റെ ഈ ബന്ധുവിന്റെ അതായത് സയ്നബ് ബിൻത് ജഹ്ശിന്റെ വിവാഹം താൻ മോചിപ്പിച്ചതും തന്റെ ദത്തുപുത്രനുമായ സയ്ദുമായി നടത്താൻ തീരുമാനിച്ചു. ആദ്യം സയ്നബ് തന്റെ കുടുംബത്തിന്റെ മഹത്ത്വം ചിന്തിച്ച് നിഷേധിച്ചിരുന്നു. എന്നാൽ, പിന്നീട് നബി(സ)തിരുമേനിയുടെ ശക്തിനിർഭരമായ ആഗ്രഹം കണ്ട് ഇഷ്ടപ്പെടുകയായിരുന്നു. എന്തായാലും നബി (സ)തിരുമേനിയുടെ ആഗ്രഹവും പദ്ധതിയുമനുസരിച്ച് സയ്നബും സയ്ദുമായുള്ള വിവാഹം നടന്നു. സയ്നബ് എല്ലാ രീതിയിലും മാന്യമായ നിലയിൽ പ്രശ്നം കൈകാര്യം ചെയ്തിരുന്നെങ്കിലും സയ്നബ് ആദരണീയ കുടുംബത്തിൽപ്പെട്ട ഒരു പെൺകുട്ടിയായതുകൊണ്ട് അവരുടെ മനസ്സിൽ ഇപ്പോഴും ഇഷ്ടക്കേട് മറഞ്ഞിരിപ്പുണ്ടെന്നും നബി(സ)തിരുമേനിയയുടെ ബന്ധുവാണെന്നും താനൊരു മോചിപ്പിക്കപ്പെട്ട അടിമയാണെന്നും അതുകൊണ്ട് കുഫ്‌വ് തനിക്ക് ചേരുന്നില്ലെന്നും സയ്ദിന് തോന്നി. മറുഭാഗത്ത് സ്വയം സയ്ദിന്റെ മനസ്സിലും സയ്നബിന്നെതിരിൽ തന്റെ പൊസിഷൻ ചെറുതാണെന്ന തോന്നലുമുണ്ടായിരുന്നു. ഈ തോന്നൽ മെല്ലെ മെല്ലെ ശക്തിപ്രാപിച്ച് അവരുടെ ദാമ്പത്യജീ


**ഹദീഥുന്നബവി (സ):**

***ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടിരുന്നു.' (ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 3)***

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

**ഹദീസുന്നബവി(സ)**

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.' (ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 1)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

വിതം ആസ്വാദ്യകരം അല്ലാതാക്കി. ഭാര്യയും ഭർത്താവും തമ്മിൽ അസ്വാരസ്യം ഉണ്ടായിത്തുടങ്ങി. ഈ ദുർഘടാവസ്ഥ കൂടുതൽ വഷളായപ്പോൾ സയ്ദ് ബിൻ ഹാരിഥ നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. സയ്നബ് പരുഷമായി പെരുമാറുന്നുവെന്നും അതിനാൽ താൻ വിവാഹമോചനം ചെയ്യാൻ ആഗ്രഹിക്കുന്നുവെന്നും പറഞ്ഞു. നബി(സ) തിരുമേനി വിവാഹമോചനം നടത്തുന്നതിൽനിന്ന് വിലക്കി. സയ്ദിന്റെ ഭാഗത്ത് പെരുമാറ്റത്തിൽ കുറവുണ്ടെന്ന് തോന്നിയതുകൊണ്ട് ഉപദേശമായി പറഞ്ഞു; തഖ്‌വ കൈക്കൊള്ളുക, എങ്ങനെയെങ്കിലും പൊരുത്തപ്പെട്ടു പോകുക. വിശുദ്ധ ഖുർആനിലും *അംസിക്ക് അലയ്ക്ക സൗജക്ക വത്തഖില്ലാഹ്*(33:38) എന്ന പദങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. സയ്ദേ! നിന്റെ ഭാര്യയെ ത്വലാഖ് ചൊല്ലരുത്. അല്ലാഹുവിനെ ഭയന്നുകൊണ്ട് കഴിയുക. അവിടന്ന് ഇങ്ങനെ ഉപദേശിക്കാൻ കാരണം ഒന്നാമതായി നബി(സ)തിരുമേനി വിവാഹമോചനം ഇഷ്ടപ്പെട്ടിരുന്നി ല്ല. ഒരു അവസരത്തിൽ അവിടന്ന് പറഞ്ഞിരുന്നു, *അബ്ഗളുൽ ഹലാലി ഇലല്ലാഹിത്ത്വലാഖു* ഹലാലായ എല്ലാ കാര്യങ്ങളിലുംവച്ച് ത്വലാഖ് അല്ലാഹുവിന് കൂടുതൽ അനിഷ്ടകരമാകുന്നു. അതുകൊണ്ടാണ് ഇസ്‌ലാമിൽ കേവലം അങ്ങേയറ്റത്തെ ചികിത്സ എന്ന നിലയിൽ അനുവാദം നല്കപ്പെട്ടിരിക്കുന്നത്. മറ്റൊന്ന് ഹദ്റത്ത് ഇമാം ഹുസയ്ൻ(റ)ന്റെ മകൻ ഇമാം സയ്നുൽ ആബ് ദീൻ അലി ബിൻ ഹുസയ്ന്റെ നിവേദനമാണ്. ഇമാം സുഹ്‌രി ഈ നിവേദനത്തെ പ്രബലമെന്ന് പറഞ്ഞിരിക്കുന്നു. കാരണം നബി (സ) തിരുമേനിക്ക് ആദ്യമെതന്നെ സയ്ദ് ബിൻ ഹാരിഥ അവസാനം ത്വലാഖ് ചൊല്ലുമെന്നുള്ള വഹ്‌യ് ഉണ്ടായിക്കഴിഞ്ഞിരുന്നു; അതുകഴിഞ്ഞ് സയ്നബ് അങ്ങയുടെ നിക്കാഹിൽ വരുമെന്നും! അതുകൊണ്ട് അവിടന്ന് ഇക്കാര്യത്തിൽ തന്റെ വ്യക്തിപരമായ ബന്ധം മനസ്സിലാക്കിക്കൊണ്ട് തികച്ചും ബന്ധമില്ലാതെയും പക്ഷം ചേരാതെയുമുള്ള രീതിയാണ് കൈക്കൊള്ളാൻ തീരുമാനിച്ചിരുന്നത്. സയ്ദിന്റേയും സയ്നബിന്റേയും ബന്ധം വേർപെടുന്നിതിൽ തന്റെ എന്തെങ്കിലും കൈകടത്തൽ ഉണ്ടാകാതിരിക്കാൻ അവിടന്ന് പൂർണമായും ശ്രമിച്ചിരുന്നു. ബന്ധം നിലനില്ക്കുന്ന അവസ്ഥ സാധ്യമാകണമെന്നും അത് നിലനില്ക്കണമെന്നും കണ്ട് അവിടന്ന് നിർബന്ധപൂർവം ത്വലാഖ് നല്കരുതെന്ന് പറഞ്ഞ് സയ്ദിനെ ഉപദേശിച്ചുകൊണ്ടിരുന്നു. അല്ലാഹുവിനെ ഭയന്നുകൊണ്ട് എങ്ങനെയെങ്കിലും രഞ്ജിപ്പിലാകുക. ഇനി സയ്നബിനെ സയ്ദ് ത്വലാഖ് ചൊല്ലിയതിനുശേഷം സയ്നബ് തന്റെ ഭാര്യയായി വന്നാൽ അവിടന്ന് തന്റെ ദത്തുപുത്രനെക്കൊണ്ട് ത്വലാഖ് ചൊല്ലിച്ച് സ്വന്തം മകന്റെ ഭാര്യയെ വിവാഹം ചെയ്തു എന്ന ആക്ഷേപമുണ്ടാകുമെന്ന ആശങ്കയും നബി(സ)തിരുമേനിക്കുണ്ടായിരുന്നു. അങ്ങനെ വെറുതെ പരീക്ഷണാവസ്ഥ ഉണ്ടകുകയും ചെയ്യും. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: *വ തുഖ്ഫീ ഫീ നഫ്സിക്ക് മല്ലാഹു മുബ്ദീഹി വ തഖ്ശന്നാസ വല്ലാഹു അഹഖ്ഖു അൻ തഖ്ശാഹു* (33:38) അല്ലാഹു വെളിപ്പെടുത്താനിരിക്കുന്ന കാര്യം നിന്റെ മനസ്സിൽ നീ മറച്ചുവെക്കുകയായിരുന്നു. നീ മനുഷ്യരെ ഭയപ്പെടുന്നു. വാസ്തവത്തിൽ അല്ലാഹുവിനെ ഭയപ്പെടാനാണ് നിനക്ക് കൂടുതൽ ബാധ്യതയുള്ളത്.

എന്തായാലും നബി(സ)തിരുമേനി സയ്ദിനെ അല്ലാഹുവിൽ തഖ്‌വയുള്ളവനാകുക എന്ന് ഉപദേശിച്ചുകൊണ്ട് ത്വലാഖ് കൊടുക്കുന്നതിൽനിന്ന് തടഞ്ഞു. നബി(സ)തിരുമേനി യുടെ ഈ ഉപദേശത്തിനു മുന്നിൽ തലകുനിച്ചുകൊണ്ട് സയ്ദ് നിശബ്ദനായി തിരിച്ചു വന്നു. എന്നാൽ, ഇളകിയ ബന്ധം കൂടി ഇണങ്ങുക എന്നത് ദുഷ്കരമായിരുന്നു. വിള്ളലുകൾ ഉണ്ടായിക്കഴിഞ്ഞിരുന്നു. ഇപ്പോൾ വളരെ പ്രായമായിത്തീർന്നു. ഏതൊരു കാര്യമാണോ ഉണ്ടാകേണ്ടിയിരുന്നത് അത് ഉണ്ടായില്ല. കുറച്ചു കാലത്തിനുശേഷം സയ്ദ് ത്വലാഖ് നൽകി. സയ്നബിന്റെ ഇദ്ദ കാലയളവ് പൂർത്തിയായപ്പോൾ നബി(സ)തിരുമേനിയ്ക്ക് സയ്നബിന്റെ വിവാഹത്തെ സംബന്ധിച്ച്, നബി(സ)തിരുമേനിതന്നെ വിവാഹം ചെയ്യേണ്ടതാണെന്ന ഇൽഹാമുണ്ടായി. ഇതൊരു ദൈവിക കല്പനയാണെന്നതു കൂടാതെ ഇതിലുള്ള യുക്തി ഹദ്റത്ത് സയ്നബിന്റേമേൽ ഔദാര്യം ചെയ്യുക എന്നതും വിവാഹമോചിതയായ സ്ത്രീയെ വിവാഹം കഴിക്കുന്നത് മുസ്‌ലിമീംകൾ ഒരു കുറച്ചിലായി മനസ്സിലാക്കരുത് എന്നതുമായിരുന്നു. അതിൽ ഈയൊരു യുക്തിയുമുണ്ടായിരുന്നു; അതായത്, സയ്ദ് നബി(സ)തിരുമേനിയുടെ വളർത്തുപുത്രനായിരുന്നു, അവിടന്ന് മകനെന്നാണ് സയ്ദിനെ വിളിച്ചിരുന്നത്. അങ്ങനെ അദ്ദേഹത്തിന്റെ വിവാഹ മോചിതയായ സ്ത്രീയെ വിവാഹം കഴിച്ചതിലൂടെ, വെറും വായകൊണ്ട് മകനെന്നു വിളിച്ചതുകൊണ്ട് യഥാർഥ മകനാകുകയില്ലെന്നും, യഥാർഥ മകനെ സംബന്ധിച്ചുള്ള കല്പനകളും പ്രാവർത്തികമാകുകയില്ലെന്നും അതിനു കർമപരമായ മാതൃകയാണ് നബി തിരുമേനിയിലുള്ളതെന്നും വ്യക്തമായി. അതിലൂടെ അറബികളിലുണ്ടായിരുന്ന അന്ധവിശ്വാസാചാരങ്ങൾ മുസ്‌ലിമീംകളിൽ നിന്ന് പൂർണമായും തുടച്ചു നീക്കപ്പെടുകയും ചെയ്യുന്നതായിരിക്കും.

ഇതുസംബന്ധമായി വിശുദ്ധ ഖുർആൻ–അതാണ് ഇസ്‌ലാമിക ചരിത്രത്തിന്റെ ഏറ്റവും ശരിയായ രേഖ–ഇങ്ങനെ പറയുന്നു: *ഫലമ്മാ ഖളാ സയ്ദുൻ മ്മിൻഹാ വത്വറൻ സവ്വജ്നാക്കഹാ ലികയ് ലാ യകൂന അലൽമുഅ്മിനീന ഹറജുൻ ഫീ അസ്‌വാജി അദ്‌യിയാഇഹിം ഇദാ ഖളൗ മിൻഹുന്ന വത്വറൻ വ കാന അംറുല്ലാഹി മഫ്ഊലാ*(33:38) പിന്നീട് സയ്ദ് അവളെ സംബന്ധിച്ച് തന്റെ ആവശ്യം നിറവേറ്റിക്കഴിഞ്ഞപ്പോൾ (വിവാഹമോചനം നല്കിയപ്പോൾ)നാം അവളെ നിനക്കു വിവാഹം ചെയ്തു തന്നു. തങ്ങളുടെ ദത്തുപുത്രന്മാരുടെ ഭാര്യമാരുടെ കാര്യത്തിൽ അവരിൽനിന്ന് (തങ്ങളുടെ ഭാര്യമാരിൽനിന്ന്) ആഗ്രഹം നിറവേറ്റി (അവരെ വിവാഹം മോചനം ചെയ്തു കഴിഞ്ഞാൽ ആ സ്ത്രീകളെ വിവാഹം ചെയ്യുന്ന കാര്യത്തിൽ)–സത്യവിശ്വാസികൾക്ക് വിഷമം ഉണ്ടാകാതിരിക്കാൻ വേണ്ടിയാണിത്. അല്ലാഹുവിന്റെ കല്പന പൂർത്തിയാക്കപ്പെടേണ്ടതുതന്നെയായിരുന്നു.

ചുരുക്കത്തിൽ ഈ ദൈവിക വെളിപാട് ഇറങ്ങിയതിനുശേഷം–അതിൽ നബി(സ)തിരുമേനിയുടെ സ്വന്തം ആഗ്രഹത്തിന്റേയോ ചിന്തയുടേയോ ഒരു കൈകടത്തലുമില്ലായിരുന്നു–നബി(സ)തിരുമേനി സയ്നബിനെ വിവാഹം ചെയ്യാൻ തീരുമാനിച്ചു. സയ്ദു മുഖേനതന്നെ ആ സന്ദേശം എത്തിക്കുകയും ചെയ്തു. സയ്നബിന്റെ ഭാഗത്തുനിന്ന് സമ്മതമറിയിച്ചപ്പോൾ സഹോദരൻ അബൂ അഹ്മദ് ബിൻ ജഹ്ശ് വൊലിയായിക്കൊണ്ട് നാന്നൂറ് ദിർഹം മഹ്ർ നിശ്ചയിച്ച് നബി(സ)തിരുമേനിയുമായി നിക്കാഹ് നടത്തി. ഇത്തരത്തിൽ അറേബ്യരാജ്യത്ത് നിലനിന്നിരുന്ന അതിപുരാതന സമ്പ്രദായം നബി (സ)തിരുമേനിയുടെ വ്യക്തിപരമായ മാതൃകയിലൂടെ വേരോടെ പിഴുതെറിയപ്പെട്ടു.

ഇവിടെ ഒരു കാര്യംകൂടി പരാമർശിക്കേണ്ടത് ആവശ്യമാണ്, അതായത് സാധാരണ ചരിത്രകാരന്മാരും ഹദീഥ് പണ്ഡിതന്മാരും മനസ്സിലാക്കിയിരിക്കുന്നത് സയ്നബിന്റെ വിവാഹം അല്ലാഹുവിൽനിന്നുള്ള വെളിപാടിന്റെ അടിസ്ഥാനത്തിൽ പ്രത്യേക കല്പനപ്രകാരമായതുകൊണ്ട് ബാഹ്യമായ രീതിയിൽ നിക്കാഹിന്റെ ചടങ്ങൊന്നും നടന്നിട്ടില്ലാ എന്നാണ്. എന്നാൽ, ആ ധാരണ ശരിയല്ല. അല്ലാഹുവിന്റെ കല്പനയാൽ ഈ വിവാഹം നടന്നുവെന്നതിൽ സംശയമില്ല. ആകാശത്തിൽ നിക്കാഹ് നിർവഹിക്കപ്പെട്ടു എന്നു പറയാവുന്നതുമാണ്. എന്നാൽ, ഇക്കാരണത്താൽ നിക്കാഹിന്റെ ബാഹ്യമായ ചടങ്ങും അല്ലാഹു നിശ്ചയിച്ചതായിരുന്നു. ഇതിൽനിന്ന് മുക്തി നേടാൻ സാധ്യമല്ല. ഇബ്നുഹിശാമിന്റെ നിവേദനം– അതിന്റെ ഉദ്ധരണി മുമ്പേ രേഖപ്പെടുത്തപ്പെട്ടിട്ടുള്ളതാണ്. ഇതിൽ ബാഹ്യമായ നിക്കാഹിന്റെ ചടങ്ങുകൾ നടന്നുവെന്ന് പറയപ്പെട്ടിരിക്കുന്നു. ഇക്കാര്യത്തിൽ വ്യക്തമാണ്. സന്ദേഹത്തിനോ സംശയത്തിനോ ഇടമില്ല.

മറ്റു ഉമ്മഹാത്തുൽ മുഅ്മിനീംകൾക്കെതിരിൽ നിങ്ങളുടെ നിക്കാഹ് നിങ്ങളുടെ വൊലിമാർ ഭൂമിയിൽ നിർവഹിച്ചതാണ് എന്റെ നി ക്കാഹ് നിർവഹിക്കപ്പെട്ടത് ആകാശത്തിലാണ് എന്നു പറഞ്ഞ് ഹദ്റത്ത് സയ്നബ് അഭിമാനം കൊള്ളാറുണ്ടായിരുന്നുവെന്ന് വന്നിട്ടുള്ള നിവേദനത്തിൽനിന്ന് ഹദ്റത്ത് സയ്നബിന്റെ നിക്കാഹിന്റെ ബാഹ്യമായ ചടങ്ങൊന്നുമുണ്ടായിട്ടില്ല എന്നു കരുതുന്നതും ശരിയല്ല. കാരണം ബാഹ്യമായ ചടങ്ങിന്റെ നിർവഹണംകൊണ്ടു അവരുടെ ഈ അഭിമാനം നിലനില്ക്കുന്നതാണ്; അവരുടെ നിക്കാഹ് അല്ലാഹുവിന്റെ പ്രത്യേകമായ കല്പനയാൽ ആകാശത്തിൽ നടന്നു. എന്നാൽ, അതിന്നെതിരിൽ മറ്റു ഉമ്മുഹാത്തുൽ മുഅ്മിനീന്റെ വിവാഹങ്ങൾ പൊതുവായ കാര്യഹേതുക്കൾക്ക് വിധേയമായി ബാഹ്യമായ ചടങ്ങിന്റെ നിർവഹണത്തോടെ നിലവിൽവന്നു.

നബി(സ)തിരുമേനി കല്പന കൂടാതെ സയ്നബിന്റെ അടുത്തു വന്നുവെന്ന് മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ഇതിൽനിന്ന് അവരുടെ നിക്കാഹിന്റെ ബാഹ്യമായ ചടങ്ങ് നിർവഹിക്കപ്പെട്ടിട്ടില്ലെന്ന ഫലമാണ് എടുക്കപ്പെടുന്നത്. എന്നാൽ, ചിന്തിക്കുകയാണെങ്കിൽ ഇക്കാര്യത്തിന് ബാഹ്യമായ ചടങ്ങ് നിർവഹിക്കപ്പെട്ടാലും ഇല്ലെങ്കിലും ചോദ്യവുമായി അതിന് ഒരു ബന്ധവുമില്ല. കാരണം നബി(സ)തിരുമേനി ഹദ്റത്ത് സയ്നബിന്റെ വീട്ടിൽ കല്പനകൂടാതെ പോയി എന്നാണ് ഉദ്ദേശ്യമെങ്കിൽ ഇത് തെറ്റാണ്. സംഭവങ്ങൾക്ക് വിരുദ്ധവുമാണ്. എന്തെന്നാൽ ബുഖാരിയിലെ സ്പഷ്ടമായ നി

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**'അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും
മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും,
നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും
അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും
നിത്യവും ഖുർആൻ പാരായണം ചെയ്യാൻ
അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.'
(ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

# ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ ജപ്പാൻ സന്ദർശനം നവംമ്പർ 2015

### 2015 നവംമ്പർ 16,17 തിങ്കൾ,ചൊവ്വ

ഇന്ന് അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിൽ വളരെയധികം പ്രാധാന്യമുള്ളതും അനുഗൃഹീതവുമായ ദിനമാണ്. ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് ജപ്പാനിലേക്കുള്ള മൂന്നാമത്തെ സന്ദർശനത്തിലാണ്. 2006-ൽ സിംഗപ്പൂർ (Singapore), ഓസ്ട്രേലിയ (Australia), ഫിജി (Fiji), ന്യൂസീലൻഡ് (New Zealand) എന്നീ രാജ്യങ്ങളിലെ സന്ദർശനം പൂർത്തിയാക്കി ഹുദൂർ മെയ് 8 മുതൽ 15 വരെ നീണ്ടുനിന്ന ആദ്യ ജപ്പാൻ സന്ദർശനം നിർവ്വഹിക്കുകയുണ്ടായി. പിന്നീട് 2013-ൽ സിംഗപ്പൂർ(Singapore), ഓസ്ട്രേലിയ (Australia), ന്യൂസീലൻഡ് (New Zealand) സന്ദർശനം പൂർത്തിയാക്കി നവംമ്പർ 5 മുതൽ 12 വരെ നീണ്ടുനിന്ന രണ്ടാമത്തെ സന്ദർശനം ഹുദൂർ നിർവ്വഹിക്കുകയുണ്ടായി. മൂന്നാമത്തെ ഈ സന്ദർശനത്തിന്റെ സുപ്രധാന സവിശേഷത ജപ്പാൻ മണ്ണിൽ നിർമിതമായ ആദ്യ മസ്ജിദ് ആയ ബയ്ത്തുൽ അഹദിന്റെ ഉൽഘാടനമായിരുന്നു. ഈ പരിപാടിയിൽ പങ്കു ചേരാൻ ഇന്തൊനീഷ്യ(Indonesia), മലേഷ്യ, കൊറിയ, ജർമനി, ഓസ്ട്രേലിയ (Australia), അമേരിക്ക, കനഡ, യു.കെ, സ്വിറ്റ്സർലൻഡ്(Switzerland), കോംഗോ(Congo), ഷാർജ, ദുബയ് തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് ധാരാളമായി അതിഥികൾ എത്തി.

### ലണ്ടനിൽ നിന്ന് ഹുദൂറിന്റെ പുറപ്പെടൽ

2015 നവംബർ 16-തിങ്കളാഴ്ചായിരുന്നു ഈ അനുഗൃഹീത യാത്രയ്ക്ക് ഹുദൂർ പുറപ്പെട്ടത്. രാവിലെ 8 മണിക്ക് ഹുദൂർ സ്വന്തം വീട്ടിൽനിന്ന് പുറത്തേക്ക് വന്നു. പ്രിയ ഇമാമിന് യാത്രാ മംഗളം നേരാൻ ജമാഅത്ത് സഹോദരങ്ങൾ മസ്ജിദ് ഫള്ലിന്റെ പരിസരത്ത് തടിച്ചുകൂടിയിരുന്നു. ഹുദൂർ കൈയുയർത്തി എല്ലാവർക്കും അസ്സലാമു അലയ്ക്കും പറഞ്ഞു. തുടർന്ന് എയർപ്പോർട്ടിലേക്ക് പുറപ്പെട്ടു. ചില പ്രത്യേക സംവിധാനത്തിൻ കീഴിൽ ഹുദൂർ എയർപോർട്ടിൽ എത്തുന്നതിന്നു മുമ്പേ സാധനങ്ങളുടെ ബുക്കിംഗ്, ബോർഡിംഗ് കാർഡ്, എമിഗ്രേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ പൂർത്തിയായിരുന്നു. 9.15ന് ഹുദൂർ എയർപോർട്ടിലെത്തി. പ്രോട്ടോക്കോൾ ഉദ്യോഗസ്ഥർ ഹുദൂറിനെ സ്വീകരിച്ചു. ഹുദൂർ സ്പെഷ്യൽ ലോഞ്ചിലേക്ക് പോയി. യു.കെ അമീർ റഫീഖ് ഹയാത്ത് സാഹിബ്, സ്പെഷ്യൽ സെക്യൂരിറ്റി ഓഫീസർ മേജർ മഹ്മൂദ് അഹ്മദ് സാഹിബ്, മറ്റ് ചില അഹ്മദി സഹോദരങ്ങളും ഹുദൂറിനെ യാത്ര അയക്കാനെത്തിയിരുന്നു. യു.കെ അമീർ സാഹിബ് ഹുദൂറിനെ ആലിംഗനം ചെയ്ത് യാത്രയയപ്പ് നൽകി.

10.30-ന് ഹുദൂർ ലോഞ്ചിൽനിന്നു പുറപ്പെടുകയും പ്രത്യേക സംവിധാനത്തിൻ കീഴിൽ വിമാനത്തിനു സമീപത്തുവരെ ഹുദൂറിനെ എത്തിക്കുകയും പ്രോട്ടോക്കോൾ ഓഫീസർ ഹുദൂറിനെ വിമാനത്തിനു ഉള്ളിൽ വരെ അനുഗമിച്ചു മടങ്ങുകയും ചെയ്തു. ബ്രിട്ടീഷ് എയർവെയ്സിന്റെ B A 0007 വിമാനം 10.50-ന് ഹേത്രൂ(Heathrow) എയർപ്പോർട്ടിൽനിന്ന് ജപ്പാനിലെ ഹനേഡ(Haneda) എയർപ്പോർട്ടിലേക്ക് പുറപ്പെട്ടു. ഹുദൂർ 11 മണിക്കൂർ 40 മിനിട്ട് തുടർച്ചയായ പറക്കലിനുശേഷം അടുത്ത ദിവസം നവംബർ 17-ചൊവ്വാഴ്ച പ്രഭാതത്തിൽ ടോക്കിയോയിലെ ഹനേഡ(Haneda) ഇന്റർനാഷണൽ എയർപ്പോർട്ടിലിറങ്ങി. അങ്ങനെ മൂന്നാമത്തെ പ്രാവശ്യം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസിന്റെ അനുഗൃഹീതപാദങ്ങൾ ജപ്പാൻ മണ്ണിൽ പതിച്ചു. ജപ്പാനിലെ ടോക്കിയോയിൽ രണ്ട് ഇന്റർനാഷണൽ എയർപ്പോർട്ടുകളുണ്ട്. നരിത, ഹനേഡ(Narita, Haneda). ലോകത്തിലെ ഏറ്റവും തിരക്കു പിടിച്ച എയർപ്പോർട്ടുകളുടെ ഗണത്തിലാണ് ഇവ രണ്ടും ഉൾപ്പെടുന്നത്.

ജപ്പാൻ സമയം യു.കെ സമയത്തേക്കാൾ 9 മണിക്കൂർ പിന്നിലാണ്. വിമാനത്തിൽനിന്ന് ഹുദൂർ പുറത്തേക്ക് വന്നയുടൻ വിദേശകാര്യ വകുപ്പിലെ രണ്ട് പ്രോട്ടോക്കോൾ ഓഫീസർമാർ ഹുദൂറിനെ സ്വീകരിക്കാനെത്തി. സ്പെഷ്യൽ കൗണ്ടർ വഴി എമിഗ്രേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി ഹുദൂർ പുറത്തെത്തുന്നതുവരെ അവർ കൂടെ അനുഗമിച്ചു. നാഷണൽ സദ്റും മുബല്ലിഗ് ഇൻചാർജുമായ ആദരണീയ അനീസ് അഹ്മദ് നദീം സാഹിബ് തങ്ങളുടെ ആമില അംഗങ്ങളോടൊപ്പം ഹുദൂറിനെ സ്വീകരിക്കാനെത്തിയിരുന്നു. എല്ലാവരും ഹുദൂറിന് ഹസ്തദാനം ചെയ്തു. ജപ്പാൻ ലജ്നാ ഇമാഇല്ലാഹ് സദ്ർ അമത്തുൽ മുസവ്വിർ കിട്ടാക്ക(Kitaka) സാഹിബ, ഹദ്റത്ത് ബീഗം സാഹിബയെ സ്വീകരിച്ചു. ഈ അവസരത്തിൽ ഒരു തിഫ്ൽ ഫർവാൻ അഹ്മദ് ഹുദൂറിനും സക്കീന അഹ്മദ് ബീഗം സാഹിബക്കും ബൊക്കെ നൽകി. ടോക്കിയോയിലെ ഹിൽട്ടൻ ദായിബ്(Hilton Daib) ഹോട്ടലിലാണ് ഹുദൂറിന് താമസ സൗകര്യം ഒരുക്കിയിരുന്നത്. 8.40-ന് എയർപ്പോർട്ടിൽനിന്ന് ഹോട്ടലിലേക്ക് യാത്ര തിരിച്ചു. പ്രാദേശിക അഹ്മദികൾ ഹോട്ടലിൽ ഹുദൂറിനെ സ്വീകരിച്ചു. ഹോട്ടൽ സ്റ്റാഫിനു വേണ്ടി ജനറൽ മാനേജർ ഹുദൂറിനെ സ്വാഗതം ചെയ്തു. താമസസ്ഥലംവരെ ഹുദൂറിനെ അനുഗമിക്കുകയും ചെയ്തു. ജപ്പാനിലേക്കുള്ള ഈ യാത്രയിൽ ഇരുരാജ്യങ്ങൾക്കുമിടയിലുള്ള സമയ വ്യത്യാസം കാരണത്താൽ അഞ്ചു നമസ്കാരവും വിമാനത്തിൽത്തന്നെ നിർവ്വഹിക്കേണ്ടി വന്നു. ലണ്ടൻ സമയം 10.45-ന് വിമാനം പുറപ്പെട്ടു. ഒന്നിനും രണ്ടിനും ഇടയിൽ ളുഹ്റും അസ്റും ജംആക്കി നിർവ്വഹിച്ചു. സൂര്യാസ്തമയത്തിനുശേഷം മഗ്രിബും ഇശായും നമസ്കരിച്ചു. അടുത്ത ദിവസം രാവിലെ 7.40-ന് വിമാനം ലാന്റ് ചെയ്തു. ഇതിന്ന് ഏകദേശം രണ്ടു മണിക്കൂർ മുമ്പേ സുബ്ഹി നമസ്കരിച്ചു. ഇപ്രകാരം ആദ്യമായി അഞ്ചുനേര നമസ്കാരവും വിമാനത്തിൽത്തന്നെ നിർവ്വഹിക്കപ്പെട്ടു. ളുഹർ അസ്ർ നമസ്കാരങ്ങൾ ഹോട്ടലിൽത്തന്നെ നടന്നു. നമസ്കാര ശേഷം ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി..

### മെയ്ജി ആശ്രമ(Meiji Shrine) സന്ദർശനവും ഹുദൂറിനെ ആദരിച്ചുകൊണ്ടുള്ള പരിപാടിയും

അഹ്മദികളോട് സ്നേഹം പുലർത്തുന്ന ജപ്പാനിലെ പ്രസിദ്ധനായ ഒരു വ്യവസായി സാറ്റാ സാഹിബ്, മെയ്ജി ആശ്രമ സന്ദർശന വേളയിൽ ഹുദൂറിനോടുള്ള ബഹുമാനാർഥം ഒരു പരിപാടി സംഘടിപ്പിച്ചു. മെയ്ജി ആശ്രമം ഷിന്റോമതവിഭാഗത്തിന്റെ(Shintoism) പരിശുദ്ധ സ്ഥലമാണ്. ആധുനിക ജപ്പാന്റെ ശിൽപ്പിയായ മെയിജി ചക്രവർത്തിയുമായി ബന്ധമുള്ള ഈ ആശ്രമം ജപ്പാനിലെ രാജകീയ ആശ്രമം എന്നു കരുതപ്പെടുന്നു. 170 ഏക്കർ വിസ്താരത്തിൽ വ്യാപിച്ചു കിടക്കുന്ന ഈ ആശ്രമം ജപ്പാനീസ് മതമായ ഷിന്റോയിസത്തിൽ മുഖ്യസ്ഥാനം അലങ്കരിക്കുന്നു.

ജാപ്പനിസ് മതത്തിൽ പ്രകൃതിയേയും പ്രാകൃതിക പരമായതും പ്രകൃത്യാ ഉള്ളതുമായ കാര്യങ്ങളേയും ആരാധിച്ചു വരുന്നു. അതുകൊണ്ട് സൂര്യോദയം മുതൽ അസ്തമയം വരെ ഈ ആശ്രമം തുറന്നു കിടക്കുന്നു. ജാപ്പനീസ് മതത്തിന്റേയും സംസ്കാരത്തിന്റേയും പ്രതീകം എന്ന നിലയിൽ ഈ ആശ്രമം നിലകൊള്ളുന്നു. ജപ്പാനിലെത്തുന്ന രാഷ്ട്രനേതാക്കൾ മേയിജി ആശ്രമത്തിൽ നിന്നാണ് അവരുടെ സന്ദർശനത്തിന്റെ തുടക്കം കുറിക്കുന്നത്. ഇവിടുത്തെ ചീഫ് പ്രീസ്റ്റ് ഏതൊരു രാഷ്ട്രത്തിലേയും ഗ്രാന്റ് മുഫ്ത്തി എന്ന നിലയിൽ ആദരവോടെ കാണപ്പെടുന്നു. വിശിഷ്യ, രാജകീയ ആശ്രമമായതിനാൽ അതിന്റെ കാര്യകർമിശ്രേഷ്ഠ സ്ഥാനം അലങ്കരിക്കുന്നു. പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളിലും ദൈവം കുടികൊള്ളുന്നുവെന്നും അതിനാൽ ഗുണപ്രദമായ കാര്യങ്ങളിൽനിന്ന് ഫലമെടുക്കുന്നതിനും ദോഷകരമായ കാര്യങ്ങളിൽ നിന്ന് രക്ഷ പ്രാപിക്കുന്നതിനും അതിനെ പൂജിക്കണമെന്ന വീക്ഷണമാണ് അവർ മുന്നോട്ട് വെക്കുന്നത്. ബുദ്ധ മതാരംഭത്തിന്നു മുമ്പേയുള്ള കാലഘട്ടത്തെ ഈ മതം അഥവാ സംസ്കാരം പ്രതിനിധാനം ചെയ്യുന്നതായി ചരിത്രത്തിൽ നിന്ന് മനസ്സിലാകുന്നു. കാമി(Kami) അഥവാ ഗുപ്തമായതും ഫലദായകവുമായ വിവിധ ശക്തികളെ കുറിച്ചുള്ള സങ്കൽപ്പമാണ് അടിസ്ഥാനപരമായി ഈ മതം മുന്നോട്ട് വെക്കുന്നത്. ഈ സങ്കല്പം വിവിധ ദൈവങ്ങളുടെ നാമങ്ങളിൽ തിരിച്ചറിയപ്പെടുന്നു. സൂര്യദേവത, ധരിത്രി ദേവത, മരണത്തിന്റെ ദേവതകളായ യോമിയെ(Yomi) കുറിച്ചുള്ള സങ്കല്പങ്ങൾ ഈ മതത്തിൽ വ്യക്തമായ നിലയിൽ കാണപ്പെടുന്നു. മരണവും രോഗശമനം നൽകുന്ന ശക്തിയുമായ ഒകുനിനുഷി(Okuninushi)യെപ്പറ്റിയും സൂചനകൾ കാണാം. മരിച്ചുപോകുന്ന പരിശുദ്ധ വ്യക്തികളേയും കാമിയിലുൾപ്പെടുത്തി പ്രത്യേക അവസരങ്ങളിൽ ആദരിക്കുന്ന വിശ്വാസവും പിൽക്കാലത്ത് ഉൾപ്പെട്ടിട്ടുണ്ട്. മനുഷ്യന്റെ സുരക്ഷിതത്വത്തിന് അവരും നിയോഗിതരാണെന്ന് കരുതപ്പെടുന്നു. ജാപ്പനീസ് ചക്രവർത്തിമാർ പരിശുദ്ധാത്മാക്കളും എല്ലാ ശക്തികളുടേയും സ്രോതസ്സാണെന്നുമുള്ള വിശ്വാസവും പിൽക്കാലത്ത് ഈ മതത്തിന്റെ ഭാഗമായി മാറി. ഇക്കാരണംകൊണ്ട് ആ ആത്മാക്കളെ സന്തോഷിപ്പിക്കാൻവേണ്ടി വർഷം മുഴുവൻ വിവിധ ആഘോഷങ്ങൾ നടത്തപ്പെടുന്നു.

2.50-ന് ആശ്രമത്തിലേക്ക് പുറപ്പെട്ട ഹുദൂർ 3.10-ന് അവിടെയെത്തി. പ്രധാന കവാടത്തിൽ ഒരു പ്രോട്ടോക്കോൾ പ്രീസ്റ്റായ ഡോക്ടർ മൈക്ക് സാറ്റാ (Dr.Mike Sata)സാഹിബ് (മുമ്പേ സൂചിപ്പിച്ച ബിസിനസുകാരൻ) ഹുദൂറിനെ വരവേറ്റു. ഹസ്തദാനം നടത്തി. ഷിന്റോയിസത്തിന്റെ പ്രൊഫസറും റിസർച്ച് സ്കോളറുമായ മിസ്റ്റർ മസാഹിർഡ് സാറ്റോയും(Mr.Masahird Sato) ഈ അവസരത്തിൽ ഹുദൂറിനെ സ്വീകരിക്കാനുണ്ടായിരുന്നു. തുടർന്ന് ടോറി(Torii) ഗേറ്റിൽ നിന്ന് ഹുദൂറിനെ ഉള്ളിലേക്ക് ആന

യിച്ചു. ഡോക്ടർ സാറ്റാ സാഹിബും പ്രീസ്റ്റും ആശ്രമത്തിന്റെ വിവിധ ഭാഗങ്ങൾ ഹുദൂറിന് പരിചയപ്പെടുത്തുകയും അതിന്റെ ചരിത്രവും ലക്ഷ്യവും വിശദീകരിക്കുകയും ചെയ്തു. ജനങ്ങൾ അവിടെ വരുന്നതു ആത്മീയ പരിവർത്തനത്തിനും വിശുദ്ധീകരണത്തിനും വേണ്ടിയാണെന്നും പുതു വർഷാരംഭത്തിൽ ഏകദേശം 30 മില്യൺ പേർ വരാറുണ്ടെന്നും അവർ വിശദീകരിച്ചു. ഈ വർഷം ഏകദേശം 10 മില്യൺ പേർ ആശ്രമം സന്ദർശിച്ചിട്ടുണ്ടെന്നും തുടർന്ന് പറഞ്ഞു.

വസന്തകാലത്ത് പ്രകൃതിയുടെ ദൃശ്യങ്ങൾ മോഡിപിടിപ്പിക്കാൻ വേണ്ടി പൂക്കളുടെ അലങ്കാരം നടത്തലും അവരുടെ മതത്തിന്റെ ഭാഗമാണ്. ആശ്രമത്തിന്റെ ഒരു ഭാഗം ജപ്പാനിൽ വിരിയുന്ന വിവിധ തരം പൂക്കളെക്കൊണ്ട് വളരെ സുന്ദരമായി അലങ്കരിച്ചിരുന്നു.

കുറച്ചുകൂടി മുന്നോട്ട് ഗമിക്കുമ്പോൾ ഒരു സ്ഥലത്ത് വെള്ളത്തിന്റെ സംവിധാനം ഒരുക്കിയിട്ടുണ്ട്. ജനങ്ങൾ അവിടെ സ്വന്തം കൈകൾ കഴുകുന്നു. മനുഷ്യന്റെ മനസ്സും ശരീരവും ഇതു മുഖേന പരിശുദ്ധമാകുന്നുവെന്ന് കരുതപ്പെടുന്നു. മുസ്‌ലിമീംകൾ നമസ്കാരത്തിനു മുമ്പേ വുളു എടുക്കുന്നതു എത്രമാത്രം പ്രധാനമെന്ന് കരുതപ്പെടുന്നോ അതുപോലെയാണ് ഷിന്റോ മതത്തിലെ ഈ ചടങ്ങും. ഹുദൂർ സ്വന്തം കൈകൾ കഴുകി. പ്രധാന ഗേറ്റിനും ആശ്രമത്തിന്റെ ഉൾഭാഗത്തിനും ഇടയിലുള്ള ദൂരവ്യത്യാസം 700 മീറ്ററാണ്. ഹുദൂർ അയ്യദഹുല്ലാഹ് ആശ്രമത്തിന്റെ ഉൾഭാഗത്തിന് സമീപത്തെത്തിയപ്പോൾ പരിപാടി അനുസരിച്ച് ഡെപ്യൂട്ടി ചീഫ് പ്രീസ്റ്റ് ശിഗെഹിറോ മിയാസാക്കി(Shigehiro Miyazaki)തന്റെ അംഗങ്ങളോടൊപ്പം പൂർണ്ണ ബഹുമതികളോടെ ഹുദൂറിനെ സ്വീകരിച്ചു. ഹുദൂർ അദ്ദേഹത്തിനു നന്ദി പറഞ്ഞു. ഡെപ്യൂട്ടി ചീഫ് പ്രീസ്റ്റ് ഈ ആശ്രമത്തെ കൂടുതൽ പരിചയപ്പെടുത്തി. പ്രകൃതിയിലുള്ള വിവിധ വസ്തുക്കളെ പ്രതിനിധാനം ചെയ്യുന്ന വിവിധ ദൈവങ്ങൾക്ക് പിന്നിൽ ഒരു വലിയ ദൈവമുണ്ടെന്ന് സംഭാഷണ മധ്യേ പ്രീസ്റ്റ് പറഞ്ഞു. അപ്പോൾ ഹുദൂർ ഇങ്ങനെ പ്രതികരിച്ചു: 'ഏക ദൈവത്തെ കുറിച്ചുള്ള സങ്കല്പം നിലവിലുണ്ടല്ലോ. അല്ലാഹു നൂറുസ്സമാവാത്തി വൽ അർള്--ആകാശങ്ങളുടേയും ഭൂമിയുടേയും പ്രകാശമാകുന്നു അല്ലാഹു. ഒരൊറ്റ ദൈവമേയുള്ളൂ. ഈ മുഴുവൻ പ്രകൃതിയും അതിലുള്ള എല്ലാ ഓരോ വസ്തുക്കളും ദൈവത്തിന്റെ തന്നെ അടയാളമാകുന്നു. എല്ലാ ഗുണങ്ങളുടേയും പ്രകടനമായ ദൈവം ഒന്നു തന്നെയാണ്. ലോകത്തുള്ള എല്ലാ പ്രകൃതീയമായ വസ്തുക്കളും ഒരേ ദൈവത്തിന്റെ മാത്രം വെളിപ്പെടുത്തലാണ്. ഒരേയൊരു ദൈവത്തിനാൽ സൃഷ്ടിക്കപ്പെട്ടതാണ്.'

ആശ്രമത്തിനുള്ളിൽ ഒരു പ്രത്യേക തടിയുടെ ഫലകത്തിൽ സ്വന്തം ആഗ്രഹങ്ങളെഴുതി തൂക്കിയിടപ്പെടുന്നു. ആശ്രമസന്ദർശനത്തിനു വരുന്ന രാഷ്ട്രത്തലവന്മാരുടെ സന്ദേശങ്ങളും ഇവിടെ ഫലകങ്ങളിൽ എഴുതി തൂക്കപ്പെടുന്നു. ഹുദൂറും പ്രസ്തുത സ്ഥലം സന്ദർശിച്ചപ്പോൾ ഹുദൂറിന്റെ കൈയിലും ഒരു ഫലകം നൽകപ്പെട്ടു. ഹുദൂറും അതിൽ എഴുതി. ഹുദൂർ എഴുതിക്കൊണ്ടിരിക്കുമ്പോൾ പിന്നിലുണ്ടായിരുന്ന ഡോക്ടർ സാറ്റാ സാഹിബ്, 'രാഷ്ട്രനേതാക്കൾ ഇവിടെവന്ന് അവരുടെ ആഗ്രഹങ്ങളും ലക്ഷ്യങ്ങളും എഴുതാറുണ്ടെന്ന കാര്യം ഹുദൂറിനെ അറിയിച്ചു. തുടർന്ന് അദ്ദേഹം പറഞ്ഞു: എനിക്കറിയാം, ഹുദൂറിന്റെ ദുആയും ആഗ്രഹവും ലോകത്ത് സമാധാനം സ്ഥാപിതമാകണമെന്നാണ്. ഇന്ന് ലോകത്ത് സമാധാനം സ്ഥാപിതമാകണമെങ്കിൽ ഖലീഫത്തുൽ മസീഹ് മുഖേന മാത്രമേ അത് സാധ്യമാകുകയുള്ളൂ എന്ന് എനിക്ക് ദൃഢബോധ്യമുണ്ട്.'

ഡോക്ടർ മൈക് സാറ്റാ സാഹിബ് പി.എച്ച്.ഡി ഡോക്ടറാണ്. ജപ്പാനിൽ മെഡിക്കൽ സാധനങ്ങൾ തയ്യാറാക്കുന്ന ഒരു വലിയ കമ്പനിയുടെ ഉടമസ്ഥനാണ്. ഈ കമ്പനിയുടെ സാധനങ്ങൾ ലോകത്തിലെ വിവിധ രാഷ്ട്രങ്ങളിൽ സപ്ളൈ ചെയ്യപ്പെടുന്നു. ഈ ആശ്രമ സന്ദർശനത്തിന്റെ പരിപാടിയും അദ്ദേഹമാണ് തയ്യാറാക്കിയത്. അദ്ദേഹം തന്റെ വാഹനം ഹുദൂറിന് സമർപ്പിച്ചുകൊണ്ട് ജപ്പാനിൽ താമസിക്കുന്ന കാലമത്രയും ഈ വാഹനത്തിൽ യാത്ര ചെയ്യണമെന്ന ആഗ്രഹം പ്രകടിപ്പിച്ചു. പ്രസ്തുത വാഹനത്തിലാണ് ഹുദൂർ ആശ്രമത്തിൽ വന്നത്. ഹോട്ടലിൽ നിന്ന് ആശ്രമത്തിലേക്കും തിരിച്ചും ഈ വണ്ടിയാണ് ഹുദൂർ സന്തോഷത്തോടെ ഉപയോഗിച്ചത്. ശേഷം നന്ദി പറഞ്ഞുകൊണ്ട് അവരെ മടക്കി അയച്ചു.

ഹുദൂർ താഴെ പറയുന്ന വാക്യങ്ങൾ അവിടുത്തെ ഫലകത്തിൽ രേഖപ്പെടുത്തി.

***അല്ലാഹു നൂറുസ്സമാവാത്തി വൽ അർള്***

'Allah is The Light of Heavens and the Earth. Allah reward the Emperor Meji for his peace creating work in the country and th world''

*അല്ലാഹു ആകാശങ്ങളുടേയും ഭൂമിയുടേയും പ്രകാശമാകുന്നു. അല്ലാഹു മെയ്ജി ചക്രവർത്തിക്ക് അദ്ദേഹം ഈ രാജ്യത്തിലും ലോകത്തും ചെയ്യുന്ന സമാധാന സ്ഥാപന പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകുമാറാകട്ടെ.*

ശേഷം ഡെപ്യൂട്ടി ചീഫ് പ്രീസ്റ്റും അദ്ദേഹത്തിന്റെ സഹപ്രവർത്തകനും ഹുദൂറുമൊത്ത് ഫോട്ടോ എടുത്ത് സായൂജ്യരായി. ആശ്രമ ഹാളിൽ ഒരു യോഗം നടന്നു. ഹുദൂർ അവിടേക്ക് പോയി. ഡെപ്യൂട്ടി ചീഫ് പ്രീസ്റ്റ്, ഷിഗേഹിറോ മിയാസാക്കി ഹുദൂറിന് സ്വാഗതമോതി. വളരെയധികം സന്തോഷം പ്രകടിപ്പിച്ചു. ആ ആശ്രമത്തെ പരിചയപ്പെടുത്തി. അതിന്റെ ചരിത്രം വിശദീകരിച്ചു. ജപ്പാനിലെ മെയ്ജി ചക്രവർത്തിയെ പരിചയപ്പെടുത്തി. പത്തൊമ്പതാം നൂറ്റാണ്ടിൽ ആധുനിക ജപ്പാന് അസ്ഥിവാരമിട്ടു. ജപ്പാനിന് ഒരു ഭരണഘടനയുണ്ടാക്കി.1889–ൽ ഈ ചക്രവർത്തി മതസ്വാതന്ത്ര്യം നൽകി. അദ്ദേഹത്തിനു മുമ്പേ വളരെ കാഠിന്യം നിലനിന്നിരുന്നു. പുറത്തു നിന്നുള്ളവരെ ഇവിടെ വരാൻ അനുവദിച്ചിരുന്നില്ല. ആദ്യമായി മതസ്വാതന്ത്ര്യം നൽകിയ ചക്രവർത്തി ജപ്പാനിനെ ഒരു സംസ്കാര സമ്പന്ന വഴിയിലേക്ക് മാറ്റി. ഭരണഘടന നൽകിക്കൊണ്ട് അതിനെ വ്യവസ്ഥാപിതമാക്കി.

1912–ൽ ഈ ചക്രവർത്തി നിര്യാതനായി. ദേഹവിയോഗത്തിനു ശേഷം ഈ ഷിന്റോ ആശ്രമം പണിയാൻ തീരുമാനിച്ചു. ഒരു തുറന്ന പ്രദേശത്താണ് ഇത് നിർമിച്ചത്. ഇവിടെ ഒരു കൃത്രിമ വനം പണിതു. ജപ്പാനിലെ എല്ലാ പ്രദേശത്തുനിന്നും ഒരു ലക്ഷത്തോളം വൃക്ഷങ്ങൾ വേരോടെ പിഴുത് ഇവിടെ നട്ടു. ഈ പ്രവൃത്തിയെല്ലാം ശ്രമദാനമായാണ് നടന്നത്. ആയിരക്കണക്കിനുപേർ ഇതിൽ പങ്കാളികളായി. 6 വർഷംകൊണ്ട് ആശ്രമ നിർമാണം പൂർത്തിയായി.1920 നവംബർ 1–ന് ഇത് പരിപൂർത്തിയിലെത്തി. ജപ്പാനിൽ 80000 ആശ്രമങ്ങൾ സ്ഥിതി ചെയ്യുന്നു. മേയിജി ആശ്രമം അവരുടെ ഏറ്റവും പരിപാവന കേന്ദ്രമാണ്.

പരിപാടിയിൽ 25 മിനിറ്റ് ദൈർഘ്യമുള്ള ഒരു ഡോക്മെന്ററി പ്രദർശിപ്പിച്ചു. ആശ്രമ ചരിത്രം, നിർമാണം, ഷിന്റോ മതത്തിലെ വിവിധ ആരാധനാ രീതികൾ, ആചാരങ്ങൾ, വിവിധ ആഘോഷങ്ങൾ, ആശ്രമം സന്ദർശിച്ച ചില നേതാക്കളുടെ ഇന്റർവ്യൂ ഉൾക്കൊള്ളുന്നതായിരുന്നു ആ ഡോക്മെന്ററി.

ഈ ചടങ്ങിനൊടുവിൽ ചീഫ് പ്രീസ്റ്റ് ഒരിക്കൽ കൂടി ഹുദൂറിന് നന്ദി പറഞ്ഞു. ആശ്രമത്തിന്റേയും ഷിന്റോ മതത്തിന്റേയും പൂർണ്ണ വിവരമുള്ള ഒരു സുവനീർ ഹുദൂറിന് ഉപഹാരമായി നൽകപ്പെട്ടു. ക്രിസ്റ്റലിൽ പണിത മിനാറത്തുൽ മസീഹിന്റെ ഒരു മോഡൽ ഹുദൂർ അവർക്ക് സമ്മാനിച്ചു. ഇതിന്റെ സംഘാടകർക്ക് ഹുസൂർ നന്ദി പറഞ്ഞു.

### മേയിജി കിനേകനിൽ (Meiji Kinekan) നടന്ന രാത്രികാല പരിപാടി

മേയിജി ആശ്രമ സന്ദർശനാനന്തരം ഹുദൂറിനോടുള്ള ആദരാർഥം കിനേകൻ മേയിജി കോംപ്ളെക്സിൽ പ്രത്യേക പരിപാടി സംഘടിപ്പിക്കപ്പെട്ടു. ഡോക്ടർ സാറ്റാ സാഹിബാണ് ഇത് സംഘടിപ്പിച്ചത്. ജപ്പാൻ ഭരണഘടന തയ്യാറാക്കപ്പെട്ട സ്ഥലമാണ് കിനേകൻ മേയിജി പ്രദേശം. ഇവിടെ ചക്രവർത്തിയുടെ അതിഥികൾ മാത്രം ക്ഷണിക്കപ്പെടുന്നു. അവരുടെ ബഹുമാനാർഥമാണ് പരിപാടികൾ നടക്കുന്നത്. ഹുദൂറിന്റെ ആദരാർഥം ഒരു പരിപാടി ഇവിടെ സംഘടിപ്പിക്കപ്പെട്ടു. ഡോക്ടർ സാറ്റാ സാഹിബ് ഈ വേദിയിൽ തന്റെ വികാരവിചാരങ്ങൾ ഈ വാക്കുകളിൽ നൽകി: 2009–ലാണ് ലണ്ടനിൽ വെച്ച് ഞാനാദ്യമായി ഹുദൂറിനെ കാണുന്നത്. ഹുദൂർ എന്നെ ഡിന്നറിന് ക്ഷണിച്ചിരുന്നു. എനിക്ക് വളരെ ആദരവു നൽകപ്പെട്ടത് ഓർമയുണ്ട്. പിന്നീട് 2010–ൽ ഞാൻ ലണ്ടൻ ജൽസ സാലാനയിൽ പങ്കെടുത്തു. അവിടെ എനിക്ക് പ്രസംഗിക്കാനുള്ള അവസരം കിട്ടി. അഹ്മദിയ്യാ ജമാഅത്ത് ജപ്പാനിലുണ്ടായ ഭൂകമ്പാവസരത്തിൽ, ദുരന്തത്തിന് ഇരയായവരെ വളരെയധികം സഹായിച്ചു. അഹ്മദിയ്യാ ജമാഅത്ത് സമാധാനത്തിന്റെ ജാമ്യമാണ്. അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ് യഥാർഥ ഇസ്‌ലാം. അഹ്മദിയ്യാ ജമാഅത്തിന്റെ അധ്യാപനങ്ങളെ കുറിച്ച് ജപ്പാനികൾ അറിഞ്ഞിരിക്കേണ്ടതുണ്ട്

**അല്ലാഹുവിന്റെ കലാം**

***"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)***

**ത്വാലിബെ ദുആ**
**M.P.Haneef Ahmad**
**Ameer Ahmadiyya Jama-ath Koodali, Kerala.**

**കലാമുൽ ഇമാം:-**

**'ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: 'ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.' (കിതാബുൽ ബരിയ്യ പേജ് 47)**

**ത്വാലിബെ ദുആ:**
**C. Shameem Ahmad**
**Ahmadiyya Jama-ath Calicut, Kerala.**

ഡോക്ടർ സാഹിബ് അസിസ്റ്റന്റ് പ്രൊഫസർ അകീകോ കൊമൂറ(AkikoKomura)സാഹിബയെപ്പറ്റിയും സൂചിപ്പിച്ചു. അവർ ഇസ്‌ലാമിക് സ്റ്റഡീസിൽ റിസർച്ച് സ്‌കോളറാണ്. ഇസ്‌ലാമിനെ സംബന്ധിച്ച് അവർ ഒരു ഗ്രന്ഥം എഴുതിയിട്ടുണ്ട്. ആ ഗ്രന്ഥത്തിന്റെ പേര് 'ഇസ്‌ലാം എങ്ങനെ ജപ്പാനി സമൂഹവുമായി ബന്ധപ്പെടുന്നതിന് ഉത്തമ മാർഗമാകുന്നു' എന്നാണ്. ആ ഗ്രന്ഥത്തിൽ ഗ്രന്ഥകർത്താവ് വിവിധ സ്ഥലങ്ങളിൽ അഹ്മദിയ്യാ ജമാഅത്തിന് ആശംസകളറിയിച്ചിട്ടുണ്ട്. ജമാഅത്തിനെ വളരെ നല്ലനിലയിൽ പരിചയപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് ജപ്പാനികൾക്ക് പരിചയപ്പെടുത്തിക്കൊടുക്കേണ്ടത് അനിവാര്യമാണ്.

രണ്ടാം ലോക മഹായുദ്ധത്തിനുശേഷം അമേരിക്ക ജപ്പാനിലേക്ക് ധാരാളം മിഷണറിമാരെ ക്രിസ്തുമത പ്രചാരണാർഥം അയക്കുകയുണ്ടായി. ജപ്പാനികളെ അവരുടെ മതങ്ങളിൽ നിന്ന് തെറ്റിച്ച് ക്രിസ്തുമതത്തിലേക്ക് കൊണ്ടു വരിക എന്നതായിരുന്നു അവരുടെ ലക്ഷ്യം. എന്നാൽ, അവർക്കതിൽ വിജയം പ്രാപ്തമായില്ല. ജപ്പാനികളെ ക്രിസ്ത്യാനിയാക്കാൻ സാധിച്ചില്ല. ഒടുവിൽ ഡോക്ടർ സാറ്റാ സാഹിബ് ഹുദൂറിന് ഇവിടെ വന്നതിൽ നന്ദിപറഞ്ഞു..

**ഹുദൂർ:** ഞാൻ ഡോക്ടർ സാറ്റാ സാഹിബിന് ഞങ്ങളോടൊപ്പം നിലകൊള്ളുന്നതിൽ നന്ദി പറയുന്നു. അദ്ദേഹത്തിന് നാമുമായി നല്ലൊരു ബന്ധമുണ്ട്. 2013–ൽ ഞാൻ ജപ്പാനിൽ വന്നപ്പോൾ ഹോട്ടലിൽ എന്നെ കാണാൻ സാറ്റാ സാഹിബ് വന്നിരുന്നു. ഡോക്ടർ സാഹിബ് നമ്മുടെ രീതികൾ സ്വീകരിച്ചു വരുന്നു. നമ്മൾ ആരെയെങ്കിലും സ്‌നേഹിതനാക്കിയാൽ ആ ചങ്ങാത്തത്തെ എന്നും നിലനിറുത്തുന്നു. നമ്മുടെ ആ രീതിയെ സാറ്റാ സാഹിബും നിലനിറുത്തി വരുന്നു. നാമുമായി ഉണ്ടാക്കിയ ആ ചങ്ങാത്തത്തെ ആത്മാർഥതയോടെ നിലനിറുത്തി വരുന്നു. ഇന്നേക്ക് നൂറു വർഷം മുമ്പേ അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരായ വാഗ്ദത്ത മഹ്ദീ മസീഹ്(അ)ന്റെ സമക്ഷം ജപ്പാനെ കുറിച്ചുള്ള സ്മരണയുണ്ടായപ്പോൾ, 'ജപ്പാനികൾക്ക് ഇസ്‌ലാമിലേക്ക് ശ്രദ്ധയുണ്ടായിട്ടുണ്ട്' എന്ന് പറയുകയുണ്ടായി. മുഹമ്മദ് നബി(സ)യുടെ ദീർഘ ദർശനങ്ങൾക്കനുസരിച്ച് ഇക്കാലഘട്ടത്തിൽ വന്ന വാഗ്ദത്ത മസീഹ് തന്നെയാണ് ലോക സമക്ഷം ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ സമർപ്പിക്കേണ്ടിയിരുന്നത്. ഈ ലക്ഷ്യാർഥം നമ്മൾ ജപ്പാനിലും എത്തി. ഇന്ന് അഹ്മദികൾക്ക് മാത്രമേ യഥാർഥ ഇസ്‌ലാം ജപ്പാനികൾക്ക് എത്തിച്ചു കൊടുക്കാൻ കഴിയുകയുള്ളൂ. ഇസ്‌ലാമിന്റെ യഥാർഥ സന്ദേശം ജപ്പാൻ സമൂഹത്തിൽ എത്തുമ്പോൾ അവരത് കേൾക്കുമെന്നും ഇഷ്ടപ്പെടുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു.

ഇവിടുത്തെ സൽപ്രകൃതക്കാർ യഥാർഥ ഇസ്‌ലാമിനെ മനസ്സിലാക്കുമെന്നും ഇവിടെ ഷിന്റോ മതവും അതിന്റെ സംസ്‌കാരവും അടിയുറച്ചിട്ടുണ്ടെങ്കിലും അവർ ഇസ്‌ലാമിന്റെ സത്യ സന്ദേശത്തെ സ്വീകരിക്കുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു. ഇപ്പോൾ നമ്മളെല്ലാവരും ഒന്നുചേർന്നുകൊണ്ട് സാഹോദര്യം, സഹവർത്തിത്വം, സമാധാനം നിലനിറുത്തുന്നതിനുവേണ്ടി പ്രവർത്തിക്കേണ്ടതുണ്ട്. ഉന്നതനായ ദൈവം ഈ ലോകത്തെ കുഴപ്പങ്ങളിൽ നിന്നും യുദ്ധങ്ങളിൽ നിന്നും രക്ഷിക്കുമാറാകട്ടെ. സമാധാന ഗേഹമാക്കി മാറ്റട്ടെ. ആമീൻ

അസിസ്റ്റന്റ് പ്രൊഫസർ അകീകൊ കൊമൂറയും ഈ വേദിയിലുണ്ടായിരുന്നു. പാർലമെന്റിന്റെ സെക്രട്ടറിയെന്ന നിലയിലും അവർ പ്രവർത്തിച്ചിട്ടുണ്ട്. 2011–ൽ അവിടെ നിന്നുമാണ് അവർ ഹ്യൂമാനിറ്റി ഫസ്റ്റിന്റെ പ്രവർത്തനങ്ങളെ കുറിച്ചും അഹ്മദിയ്യാ ജമാത്തിനെ കുറിച്ചും പരിചയപ്പെടുന്നത്. 2012–ൽ അവർ അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് പഠിക്കാൻ തുടങ്ങി. അഹ്മദിയ്യാ ജമാഅത്ത് ഭൂകമ്പ ബാധിതരെ സഹായിക്കാനെത്തിയ ആദ്യ ശ്രമദാന സംഘടനയാണെന്നത് അവരിൽ വലിയ സ്വാധീനമുണ്ടാക്കി. അങ്ങനെ അവർ ഗ്രന്ഥം എഴുതി. അതിന്റെ പേര് 'ഇസ്‌ലാം എങ്ങനെ ജപ്പാനി സമൂഹവുമായി ബന്ധപ്പെടുന്നതിന് ഉത്തമ മാർഗ്ഗമാകുന്നു' എന്നതാണ്. അവർ തന്റെ ഹ്രസ്വ ഭാഷണത്തിൽപറയുന്നു:

'ഇസ്‌ലാമിനെ എങ്ങനെ ജപ്പാനിൽ പരിചയപ്പെടുത്താം എന്ന വിഷയത്തിൽ ഞാൻ കഴിഞ്ഞ 10 വർഷമായി ഗവേഷണത്തിലായിരുന്നു.അതിനെ മുന്നിൽ വെച്ചുകൊണ്ടാണ് ഞാനീ ഗ്രന്ഥം എഴുതിയത്. ഭാവിയിൽ ഉർദുവിലും ഇംഗ്ലീഷിലും എഴുതപ്പെട്ടാൽ നല്ലതായിരിക്കും.

2011–ൽ സുനാമി ഭൂകമ്പം ഉണ്ടായപ്പോഴാണ് ഞാൻ അഹ്മദിയ്യാ ജമാഅത്തുമായി ബന്ധപ്പെടുന്നതിന് ആരംഭം കുറിക്കുന്നത്. സഹായത്തിന് എത്തിച്ചേർന്ന ആദ്യ മത സംഘടനയാണ് അഹ്മദിയ്യാ ജമാഅത്ത്. ശേഷം ഞാൻ ജമാഅത്തിന്റെ പരിപാടിയിൽ പങ്കെടുക്കാൻ തുടങ്ങി. ഇസ്‌ലാമിലെ ഒരു വിഭാഗമാണ് അഹ്മദിയ്യാ ജമാഅത്ത് എന്ന് എനിക്ക് മനസ്സിലായി. ഞാനെന്റെ ഗവേഷണം തുടർന്നു. അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് കൂടുതൽ വിവരങ്ങൾ എനിക്ക് ലഭിക്കാൻ തുടങ്ങി. ജമാഅത്തുമായുള്ള ബന്ധം വ്യാപിപ്പിച്ചു.അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ് ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം സമർപിക്കുന്നതെന്ന് എനിക്ക് മനസ്സിലായി. അങ്ങനെ ഞാൻ എന്റെ ഗ്രന്ഥത്തിൽ വിവിധ സ്ഥലങ്ങളിൽ അഹ്മദിയ്യത്തിനെ കുറിച്ചും അവരുടെ സേവനങ്ങളെ കുറിച്ചും സൂചിപ്പിച്ചു.(തുടരും)


**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.


**(ശേഷം പേജ് 7ൽ)**

വേദനത്തിൽ വിവാഹാനന്തരം സയ്നബ് പുറപ്പെട്ട് നബി(സ)തിരുമേനിയുടെ വീട്ടിൽ വന്നുവെന്നും അവിടന്ന് അങ്ങോട്ടു പോയിട്ടില്ലെന്നും വ്യക്തമായും പറയുന്നുണ്ട്. ഈ നിവേദനം കൊണ്ടുള്ള ഉദ്ദേശ്യം അവർ വിടപറഞ്ഞ് നബി(സ)തിരുമേനിയുടെ വീട്ടിൽ വന്നപ്പോൾ അതിനുശേഷമാണ് അവിടന്ന് അവരുടെ അടുത്ത് കല്പനയില്ലാതെ പോയത്. ഇത് അസാധാരണമായതോ കീഴ്‌വഴക്കത്തിന് വിരുദ്ധമായതോ ആയ കാര്യമല്ല. എന്തുകൊണ്ടെന്നാൽ ഭാര്യയായി നബി(സ)തിരുമേനിയുടെ വീട്ടിൽ അവർ വന്ന സ്ഥിതിക്ക് അവിടന്ന് അവരുടെ വീട്ടിൽ എന്തായാലും പോകേണ്ടതുതന്നെയായിരുന്നു. അദ്ദേഹത്തിന് കല്പനയുടെ ആവശ്യമില്ലായിരുന്നു. അതിനാൽ അനുവാദം എടുത്തിട്ടില്ലെന്ന് പറയുന്ന നിവേദനത്തിന് ഒരിക്കലും, അവിടത്തെ നിക്കാഹിന്റെ ബാഹ്യമായ ചടങ്ങ് നിർവഹിക്കപ്പെട്ടിട്ടുണ്ടോ ഇല്ലേ എന്ന ചോദ്യവുമായി ഒരു ബന്ധവുമില്ല. ദൈവകല്പന ഉണ്ടായിട്ടും ഈ നിക്കാഹ് നിയമാനുസൃതമുള്ള ചടങ്ങായി നടത്തുകയുണ്ടായി എന്ന് ഇബ്നു ഹിശാമിന്റ വിവരണത്തിൽ വ്യക്തമാക്കിയിട്ടുള്ളതുതന്നെയാണ് സത്യം. അങ്ങനെതന്നെ നടക്കണമെന്നുതന്നെയാണ് യുക്തി സമ്മതിക്കുന്നതും. കാരണം അവിടെ അസാധാരാണമായ രീതിയിൽ ചടങ്ങ് മാറ്റിവയ്ക്കേണ്ട ഒരാവശ്യവുമില്ലായിരുന്നു. ഈ നിക്കാഹിൽ ഒരു ചടങ്ങ് ഖണ്ഡിക്കുകയും അതിന്റെ സ്വാധീനത്തെ ഇല്ലാതാക്കുകയുമായിരുന്നു ഉദ്ദേശ്യം. (ദത്തു പുത്രന്റെ (വിവാഹമോചിതയായ) ഭാര്യയെ വിവാഹം കഴിക്കാൻ പാടില്ല എന്ന കർശനമായ ആചാരം അവിടെ മുമ്പേ നിലനിന്നിരുന്നു. അതു ഖണ്ഡിക്കുകയായിരുന്നു ഉദ്ദേശ്യം) അതുകൊണ്ടുതന്നെ ഈ നിക്കാഹ് വലിയ വിളംബരത്തോടെയും കൂടുതൽ സാക്ഷികളുടെ മുമ്പാകെയും നടത്തപ്പെടണമെന്നുള്ളതിനാണ് ഏറ്റവും കൂടുതൽ പ്രാധാന്യം നൽകേണ്ടിയിരുന്നത്. അങ്ങനെ ഈ ആചാരം ഇന്നത്തോടെ അവസാനിച്ചിരിക്കുന്നുവെന്ന് ലോകത്തിന് മനസ്സിലാകണം. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ.പേജ് 543–546)

ഹദ്റത്ത് സയ്ദിന്റെ ജീവിതത്തിലെ സംഭവങ്ങളുമായി ബന്ധപ്പെട്ട് ഹദ്റത്ത് സയ്നബിനെ കുറിച്ചും നബി(സ)തിരുമേനിയുടെ വിവാഹത്തെ സംബന്ധിച്ചും ഞാൻ വിശദമായി സംസാരിച്ചത് അവിടന്ന് ഹദ്റത്ത് സയ്നബിനെ വിവാഹം കഴിച്ചതിനെ കുറിച്ച് ഇന്നും ആക്ഷേപകർ ചോദിക്കുകയും ആക്ഷേപിക്കുകയും ചെയ്യുന്നതുകൊണ്ടാണ്. അതുകൊണ്ട് ഇതു സംബന്ധമായി നമുക്ക് കുറച്ച് അറിവുണ്ടായിരിക്കേണ്ടതാണ്. ഇതിന്റെ മറ്റു ചില വിശദീകരണവുമുണ്ട്. ഹദ്റത്ത് സയ്ദിനെ കുറിച്ചും ചില കാര്യങ്ങൾ വിവരിക്കേണ്ടതുണ്ട്. ഈ രണ്ടുകാര്യവും എത്രത്തോളം വിവരിക്കേണ്ട ആവശ്യമുണ്ടോ തുടർന്നും ഞാൻ വിവരിക്കുന്നതായിരിക്കും. ഹദ്റത്ത് സയ്ദിനെ ഉദ്ധരിച്ചുള്ള ഈ പരമ്പര തുടരുകയാണ്. ☆

**അല്ലാഹുവിന്റെ കലാം:**

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'**
**(2:43)**


**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**


**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**'ഭൗതികശക്തികൾ ഇസ്‌ലാം–അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**


**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ameer Ahmadiyya Jama-ath Kannur Town, Kerala.**

# മാൾട്ട(Malta)അഹ്മദിയ്യാ ജമാഅത്തിന്റെ പതിനൊന്നാമത് സമാധാന സമ്മേളനവും ഇഫ്താർ ഡിന്നറും

### മാൾട്ട പ്രസിഡന്റിന്റെ സാന്നിധ്യവും പ്രഭാഷണവും

### ഇസ്‌ലാമിക നോമ്പും സമാധാനസംസ്ഥാപനത്തെ കുറിച്ചുള്ളചർച്ചയും

അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ മാൾട്ട അഹ്മദിയ്യ ജമാഅത്തിന് അമീറുൽ മുഅ്മിനീന്റെ ദുആയുടെ അനുഗ്രഹത്താൽ 2019 മെയ് 31 വെള്ളിയാഴ്ച പതിനൊന്നാമത് പീസ് സിമ്പോസിയവും, സർവമത റമളാൻ ഇഫ്ത്വാർ ഡിന്നറും വിജയകരമായി സംഘടിപ്പിക്കാൻ ഭാഗ്യം ലഭിച്ചു. ഫൽഹംദു ലില്ലാഹി അലാ ദാലിക്

ഈ വർഷം ഈ രണ്ടു പരിപാടിയും സംയുക്തമായാണ് സംഘടിപ്പിച്ചത്. ഇതിന്റെ അടിസ്ഥാനത്തിലാണ് "Ramadan & Peace: the Concept of Fasting in Religions" എന്ന ശീർഷകം വെച്ചത്. ഈ സർവമത പരിപാടിയിൽ വിവിധമതങ്ങളിലെ മാർഗദർശികളും രാഷ്ട്രീയ സാമാജിക വ്യക്തിത്വങ്ങളും വിവിധ തുറകളുമായി ബന്ധം വെക്കുന്നവരും ക്ഷണിക്കപെട്ടിരുന്നു. മാൾട്ട പ്രസിഡന്റ് ആദരണീയനായ H.E.Dr. George Vella സാഹിബ് മുഖ്യാതിഥിയായിരുന്നു. അദ്ദേഹം തന്റെ ഭാര്യയോടൊപ്പം പങ്കെടുക്കുകയും ഉൽഘാടന പ്രഭാഷണം നടത്തുകയും ചെയ്തു. വിശുദ്ധ ഖുർആന്റെ പാരായണത്തോടെ പരിപാടിക്ക് തുടക്കം കുറിച്ചു. ഇംഗ്ലീഷ തർജമയും കേൾപ്പിക്കപ്പെട്ടു. അഹ്മദിയ്യാ ജമാഅത്തിനെ പരിചയപ്പെടുത്തി.

മാൾട്ട പ്രസിഡന്റ് തന്റെ ഉൽഘാടന ഭാഷണത്തിൽ സർവമത സാഹോദര്യത്തിന്റേയും പരസ്പരമുള്ള സമാധാന ചർച്ചകളുടേയും സമാധാന സംസ്ഥാപനത്തിന്റേയും അനിവാര്യതയെ കുറിച്ച് സമ്മർദം ചെലുത്തി സംസാരിച്ചു. ആദരണീയനായ മാൾട്ട പ്രസിഡന്റ് സാഹിബ് അഹ്മദിയ്യ ജമാഅത്തിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ടു പറഞ്ഞു, "അഹ്മദിയ്യാ ജമാഅത്തിനും ഇമാം ഖലീഫ് അഹ്മദ് ആത്വിഫിനും അങ്ങേയറ്റം വിശാലഹൃദയത്തോടും തുറന്ന മനസ്സോടുംകൂടി സർവമത സാഹോദര്യത്തിനും ഐക്യത്തിനും വേണ്ടി ഈ സർവമത ഇഫ്താർ ഡിന്നർ സംഘടിപ്പിച്ചതിൽ ആശംസകൾ നേരുന്നു."

അദ്ദേഹം തന്റെ പ്രസംഗത്തിൽ പറഞ്ഞു: 'റമളാൻ അച്ചടക്കവും ആത്മാവിന്റെ നിയന്ത്രണവും പഠിപ്പിക്കുന്നു. റമളാൻ മറ്റുള്ളവരെ മനസ്സിലാക്കുന്നതിനും മറ്റുള്ളവരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കുന്നതിനുമുള്ള ഒരു മാർഗമാണ്. ഇത് ദരിദ്രരുടെ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിന്റേയും ധർമനിഷ്ഠയുടേയും മാസമാണ്. യഥാർഥമായ സമാധാനത്തിന്റെ അന്വേഷണത്തിനും

(ശേഷം പേജ് 12ൽ)

# സൗജന്യ ഹോമിയോ ക്ലിനിക് പ്രവർത്തനം തുടങ്ങി

**അലനല്ലൂർ:** അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ നേതൃത്വത്തിൽ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി അലനല്ലൂരിൽ 7-7-2019 ഞായറാഴ്ച ആരംഭിച്ച സൗജന്യ ഹോമിയോ ക്ലിനിക് പഞ്ചായത്ത് അധ്യക്ഷ ഇ.കെ. രജി ഉൽഘാടനം ചെയ്തു. ജില്ല അമീർ എച്ച്. സുലയ്മാൻ അധ്യക്ഷനായി. ഡോക്ടർ പ്രവീൺ, എം. അബദുൽ ബശീർ, സി. മുഹമ്മദ്, മൗലവി മുഹമ്മദ് സലീം, എം.ഖലീൽ അഹ്മദ് എന്നിവർ പ്രസംഗിച്ചു. എല്ലാ ദിവസവും രാവിലെ ഒമ്പതുമുതൽ ഒരു മണിവരെയാണ് ക്ലിനിക് പ്രവർത്തിക്കുന്നത്.

# ലജ്ന ഇമാഇല്ലാഹ് ജില്ല സമ്മേളനം

**കൊച്ചി:** അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ വനിത സംഘടനയായ ലജ്ന ഇമാഇല്ലായുടെ ജില്ലാ സമ്മേളനം 7-7-2019 ഞായറാഴ്ച എറണാകുളം മസ്ജിദ് ഉമറിൽ ജില്ലാ അമീർ ടി.കെ. അബൂബക്കർ സാഹിബ് ഉൽഘാടനം ചെയ്തു. റശീദ ശൗക്കത്ത് ഖുർആൻ പാരായണം നടത്തി. ലജ്ന ഇമാഇല്ലാഹ് ജില്ലാ സ്വദ്ർ റാബിയ ശൗക്കത്ത് അധ്യക്ഷയായി. മൗലവി സി. എൻ. ത്വാഹിർ അഹ്മദ് ടി.കെ സമിയ്യ നജീബ്, നസീറ ബാനു എന്നിവർ പ്രസംഗിച്ചു. വൈജ്ഞാനിക മത്സരങ്ങളും മീനാ ബസാറും സംഘടിപ്പിച്ചു.

# ഖുർആൻവാരം സംഘടിപ്പിച്ചു

**പഴയങ്ങാടി:** പഴയങ്ങാടി അഹ്മദിയ്യാ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ജൂലായ് ഒന്നുമുതൽ വിശുദ്ധ ഖുർആൻ വാരം സംഘടിപ്പിച്ചു. ജൂലായ് ഒന്നാം തിയതി നടന്ന ഉൽഘാടന പരിപാടിയിൽ ജമാഅത്ത് അമീർ ഡോക്ടർ ഗുലാം അഹ്മദ് സാഹിബ് അധ്യക്ഷനായി. മുൻ അമീർ സി.ജി. സലാം സാഹിബിന്റെ ഖുർആൻ പാരായണത്തോടെ മഗ്‌രിബ് നമസ്കാരത്തിനുശേഷം പരിപാടിക്ക് തുടക്കം കുറിച്ചു. ബദ്ർ വീക്കിലി സഹപത്രാധിപർ മൗലവി മുഹമ്മദ് ഇസ്മായീൽ വിശുദ്ധ ഖുർആനിലെ പ്രവചനങ്ങൾ എന്ന വിഷയത്തെ അധികരിച്ച് പ്രസംഗിച്ചു. നമൽ ത്വൽഹ പദ്യാലാപനം ചെയ്തു. തുടർന്ന് നടന്ന ദിവസങ്ങളിൽ യഥാക്രമം പ്രൊഫസർ ബി മഹ്മൂദ് അഹ്മദ് സാഹിബ്, കെ പി മസ്ഊദ് അഹ്മദ് സാഹിബ്, സി അബ്ദുസ്സമദ് സാഹിബ്, കെ. വസീം അഹ്മദ് സാഹിബ്, പി.പി.ത്വയ്യിബ് അഹ്മദ് സാഹിബ്, മൗലവി മുബശ്ശിർ അഹ്മദ് സാഹിബ് തുടങ്ങിയവർ അധ്യക്ഷരായി. വി മുഹമ്മദ് ഹസൻ സാഹിബ്, നൗശാദ് അഹ്മദ് സാഹിബ്, സി നൂറുദ്ദീൻ സാഹിബ്, സി.ജി.ആദിൽ സാഹിബ്, എസ്.വി. അബ്ദുല്ലാഹ് സാഹിബ് എന്നിവർ വിശുദ്ധ ഖുർആൻ പാരായണം ചെയ്തു. ബി. തൻവീർ അഹ്മദ് സാഹിബ്, പി. എച്ച്. അഹ്മദ് സാഹിബ്, സി.എച്ച് ശഹീദ് അഹ്മദ് സാഹിബ്, ശീറാസ് സമീർ സാഹിബ്, ഇ.വി. വാഹിദ് സാഹിബ് എന്നിവർ പദ്യമാലപിച്ചു. ഒരു ദിവസം നാസിറാത്തുൽ അഹ്മദിയ്യ അംഗങ്ങൾ സംഘമായും പദ്യമാലപിക്കുകയുണ്ടായി. സൽമാൻ ഫാരിസ് സാഹിബ്, പ്രൊഫസർ എം.മുഹമ്മദ് സാഹിബ്, ഇഫ്തിഖാർ അഹ്മദ് സാഹിബ്, സി.എച്ച്.അബ്ദുശ്ശക്കൂർ സാഹിബ്, മൗലവി മുബശ്ശിർ അഹ്മദ് സാഹിബ്, ഡോക്ടർ സി.എച്ച് അബ്ദുൽ മജീദ് സാഹിബ് തുടങ്ങിയവർ യഥാക്രമം ഖുർആനിലെ സാന്മാർഗിക പാഠങ്ങൾ, ഖുർആനിലെ ജ്ഞാന വിജ്ഞാനങ്ങൾ, ഖുർആനിലെ മാനവികത, വിശുദ്ധ ഖുർആനിന്റെ ക്രോഡീകരണം, എല്ലാ നന്മകളും ഖുർആനിലാണ് തുടങ്ങിയ ശീർഷകങ്ങളിൽ വിഷയങ്ങൾ അവതരിപ്പിച്ചു. സമാപന ദിവസം ജമാഅത്ത് അമീർ ഡോക്ടർ ഗുലാം അഹ്മദ് സാഹിബ് അധ്യക്ഷനായി. നായിബ് അമീർ പ്രൊഫർ ബി. മഹ്മൂദ് അഹ്മദ് സാഹിബ് അവലോകനം നടത്തി. അമീർ സാഹിബിന്റെ നേതൃത്വത്തിൽ നടന്ന മൗന പ്രാർഥനയോടെ ഈ വർഷത്തെ ഖുർആൻ വാരത്തിന് തിരശീല വീണു.

# വാർഷിക ഇജ്തിമ

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് ഭാരതത്തിലെ ഉപസംഘടനകളുടെ (മജ്‌ലിസ് അൻസ്വാറുല്ലാഹ്, മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ, ലജ്ന ഇമാഇല്ലാഹ്) ദേശീയ വാർഷിക ഇജ്തിമാകൾ 2019 ഒക്ടോബർ 18, 19, 20 (വെള്ളി, ശനി, ഞായർ) എന്നീ തിയ്യതികളിൽ നടത്താൻ അനുവാദം നല്കിയിരിക്കുന്നു.

# മജ്‌ലിസ് അൻസ്വാറുല്ലാഹ് എറണാകുളം-ആലപ്പുഴ ജില്ലാ ഇജ്തിമാ

**കൊച്ചി:** സൽകർമത്തോടൊപ്പം പ്രാർഥനയിലും മുഴുകണമെന്ന് അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ വയോജന സംഘടന മജ്‌ലിസ് അൻസ്വാറുല്ലാഹ് സൗത്ത് ഇന്ത്യാ വൈസ് പ്രസിഡന്റ് യു.മൻസൂർ അഹ്മദ് സാഹിബ് മട്ടന്നൂർ പറഞ്ഞു.

7-7-2019 ഞായറാഴ്ച മജ്‌ലിസ് അൻസ്വാറുല്ലായുടെ എറണാകുളം-ആലപ്പുഴ ജില്ല ഇജ്തിമാ കാക്കനാട് അഹ്മദിയ്യാ മുസ്‌ലിം മസ്ജിദ് ബയ്ത്തുത്ത്വാഹിറിൽ ഉൽഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. യോഗത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എറണാകുളം ജില്ലാ അമീർ ടി.കെ. അബൂബക്കർ സാഹിബ് അധ്യക്ഷനായി. സൗത്ത് കേരള പ്രസിഡന്റ് എം.താജുദ്ദീൻ, മാലിക് അമീൻ, മൗലവി സി.എൻ. ത്വാഹിർ അഹ്മദ്, റിയാസ് ഫിർദൗസ് തുടങ്ങിയവർ പ്രസംഗിച്ചു. വൈജ്ഞാനിക മത്സരങ്ങളും നടത്തി.

# അമീറുൽ മുഅ്മിനീന്റെ പുതിയ മേൽവിലാസം

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് കഴിഞ്ഞ കുറച്ചു ആഴ്ചകളായി പുതിയ കേന്ദ്രമായ ഇസ്‌ലാമാബാദിലെ ടിൽഫോർഡിലാണ് താമസിക്കുന്നതെന്ന് എല്ലാവർക്കും അറിയുന്നതാണല്ലോ. ഹുദൂറിന് കത്തെഴുതുന്നവർ താഴെ കാണുന്ന മേൽവിലാസത്തിൽ അയക്കണമെന്ന് അഭ്യർഥിക്കുന്നു.

**ISLAMABAD,**
**2, SHEEPHATCH LANE**
**TILFORD SURREY GU10 2 AQ,**
**UNITED KINDOM**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 18 July 2019 Issue-29

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

**(പേജ് 11ൽനിന്ന്)**

സ്വന്തം ഗുണങ്ങളുടേയും ദൗർബല്യങ്ങളുടേയും ആത്മപരിശോധനയ്ക്കും ആത്മീയമായ ഉണർവിന്റെ അനുഭവങ്ങൾക്കും ജീവിതത്തിൽ സൽകർമങ്ങൾ ചെയ്യുന്നതിനുള്ള ഗ്രാഹ്യം ശക്തിപ്പെടുത്തുന്നതിനുമുള്ള നേരമാണിത്.

സമാധാനഭരിതവും സന്തോഷകരവുമായ ബന്ധങ്ങൾ വിപുലപ്പെടുത്തുന്നതിന് ശ്രദ്ധ ക്ഷണിച്ചുകൊണ്ടു എല്ലാ മാൾട്ടക്കാരോടും അദ്ദേഹം പറഞ്ഞു: "ഞാൻ എല്ലാ ആളുകളേയും ശക്തമായി വിശ്വസിക്കാനും പരസ്പരം മനസ്സിലാക്കാനും സൽധാരണ പുലർത്താനും അഭ്യർഥിക്കുകയാണ്. വരിക നമുക്കെല്ലാവർക്കും ഒത്തുചേർന്ന് സമാധാന സംസ്ഥാപനത്തിനുവേണ്ടിയുള്ള പ്രവർത്തനത്തിന് കരുത്തേകാം.'

പ്രസിഡന്റിന്റെ പ്രഭാഷണത്തിനുശേഷം പാതിരി Dr. Joseph Ellul ക്രൈസ്തവ മതത്തിലെ വ്രതാനുഷ്ഠാനത്തെ കുറിച്ചും Gordhan Mohnanis ഹൈന്ദവമത്തിലെ വ്രതാനുഷ്ഠാനത്തെ കുറിച്ചും സംസാരിച്ചു. അതിനുപുറമെ ബുദ്ധമതത്തിന്റെ പ്രതിനിധിയും ഹ്രസ്വ പ്രഭാഷണം നടത്തി.

ഇസ്‌ലാം അഹ്മദിയ്യത്തിനെ പ്രതിനിധാനം ചെയ്തുകൊണ്ട് ഇസ്‌ലാമിക വ്രതത്തിന്റെ തത്ത്വവും ഉദ്ദേശ്യവും എന്ന വിഷയത്തെ അധികരിച്ച് ഈ വിനീതൻ സംസാരിച്ചു. ഖുർആനും സുന്നത്തും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങളും ഖലീഫമാരുടെ നിർദേശങ്ങളും ഉദ്ധരിച്ചാണ് വിഷയം അവതരിപ്പിച്ചത്. നോമ്പു തുറയുടെ നേരത്ത് ഖുർആനിൽനിന്നും ഹദീഥുകളിൽനിന്നും തിരഞ്ഞെടുത്ത ദുആകൾ ചൊല്ലി നോമ്പു തുറപ്പിച്ചു. നോമ്പു തുറന്നതിനുശേഷം എല്ലാ അതിഥികളുടേയും സാന്നിധ്യത്തിൽ ഹാളിൽ മഗ്‌രിബ് നമസ്കരിപ്പിച്ചു. അതിനുശേഷമായിരുന്നു രാത്രി ഭക്ഷണം.

ഈ പരിപാടി സംഘടിപ്പിച്ചതിൽ മാൾട്ട പ്രസിഡന്റ് വളരെ ആകർഷിതനായി. ജമാഅത്തിന്റെ സേവനത്തെ പ്രശംസിച്ചു. സന്നദ്ധരായ എല്ലാവരും പരിപാടിയെ വളരെയധികം ശ്ലാഘിച്ചു. ഇനിയും ഇത്തരം പരിപാടികൾ ഉണ്ടാകണമെന്ന ആഗ്രഹവും പ്രകടിപ്പിച്ചു. ഈ അവസരത്തിൽ വിവിധ ക്രൈസ്തവ കക്ഷികളുടെ പ്രതിനിധികളും പങ്കെടുത്തിരുന്നു. എല്ലാവരും അഹ്മദിയ്യാ ജമാഅത്തിന് നന്ദി പറഞ്ഞു.

ഈ പരിപാടിയിൽ 90 പേർ പങ്കെടുത്തു. ഇവരിൽ 5 വിവിധ മതങ്ങളുമായി ബന്ധം വെക്കുന്ന 70 ലേറെ ആളുകളാണ് പങ്കെടുത്തത്.

(റിപ്പോർട്ട്, ലഊഖ് അഹ്മദ് ആത്വിഫ്, മുബല്ലിഗ്)(അൽഫള്ൽ 2019 ജൂൺ 3)




# ഹദ്റത്ത് ഹുസയ്ൻ ബീബി സാഹിബ(റ)

ചൗദ്ദരി സഫ്റുല്ലാഹ് ഖാൻ(റ) തന്റെ മാതാവിന്റെ ഒരു സംഭവം ഇങ്ങനെ രേഖപ്പെടുത്തുന്നു: "അസദുല്ലാഹ് ഖാൻ ചെറുപ്പമായിരുന്നു. അവനിൽനിന്ന് സ്ലേറ്റു കളവുപോകുകയോ പൊട്ടിപ്പോകുകയോ ചെയ്തു. അപ്പോൾ 'ഓരോ ദിവസവും കഴിയുമ്പോഴും പുതിയ സ്ലേറ്റു വാങ്ങുന്നു, അത് പൊട്ടിക്കുകയോ കളയുകയോ ചെയ്യുന്നു' എന്നൊക്കെ പറഞ്ഞ് ഉമ്മ അവനോടു ദ്വേഷപ്പെട്ടു. ഉമ്മ ദ്വേഷപ്പെട്ടപ്പോൾ അവൻ പേടിച്ചു. ആ രാത്രി ഉമ്മ ശുഭ്രവസ്ത്രധാരിയായ ഒരു മഹാത്മാവിനെ സ്വപ്നത്തിൽ കണ്ടു. അദ്ദേഹം പറഞ്ഞു: 'നിങ്ങൾ നാലണയുടെ ഒരു സാധനം നഷ്ടപ്പെട്ട കാരണത്താൽ നമ്മുടെ ദാസനോടു ഇത്രത്തോളം കോപിച്ചു. 'ഞാൻ തരുന്ന ഈ നാലണ എടുത്തുകൊള്ളുക' എന്നു പറഞ്ഞ് അദ്ദേഹം തിളങ്ങുന്ന ഒരു നാലണത്തുട്ട് ഉമ്മായ്ക്ക് നല്കി.

ഉമ്മ ഉണർന്നപ്പോൾ പ്രഭാതനമസ്കാരത്തിനുള്ള സമയം ആകുകയായിരുന്നു. മൊന്തയിൽ വെള്ളുവുമെടുത്ത് വുളു ചെയ്യുന്നതിന് ടെറസിലേക്ക് പോയി. നല്ല നിലാവെളിച്ചമുണ്ടായിരുന്നു. മുകളിൽ ആകാശത്തിനു താഴെ എത്തിയപ്പോൾ എന്തോ തിളങ്ങുന്ന ഒരു വസ്തു വേഗത്തിൽ ആകാശത്തുനിന്ന് വീഴുന്നതുകണ്ടു. അത് അവരുടെ മൊന്തയിൽവന്നുമുട്ടി. വെള്ളിയുടേയോ അതുപോലുള്ള മറ്റേതോ ലോഹത്തിന്റേയോ ആണെന്ന് തോന്നുംവിധമുള്ളതായിരുന്നു അതിന്റെ ശബ്ദം. മൊന്തയിൽമുട്ടി അതു നിലത്തു വീണു. ഉമ്മ അതെടുത്തുനോക്കിയപ്പോൾ തിളങ്ങുന്ന ഒരു നാലണത്തുട്ടായിരുന്നു. അത് അനുഗ്രഹസൂചകമായ വസ്തു എന്ന നിലയ്ക്ക് ഉമ്മ പോക്കറ്റിലിട്ടു. കുറച്ചു ദിവസം അതു വേറെ തന്നെ സൂക്ഷിച്ചുവെക്കുകയും ചെയ്തു. പിന്നീട് അത് കളഞ്ഞുപോയി. മറ്റു നാണയത്തോടൊപ്പം കൂടിക്കലരുകയോ ചെളവഴിക്കപ്പെടുകയോ ചെയ്തിട്ടുണ്ടാകും."(മേരി വാലിദ. ചൗദ്ദരീ സഫ്റുല്ലാഹ് ഖാൻ, മലയാളം പേജ് 9–91)

# ഹദ്റത്ത് ഉമ്മു അയ്മൻ(റ)

"ഹദ്റത്ത് ഉമ്മു അയ്മൻ മദീനയിലേക്ക് കാൽനടയായി ഹിജ്റത്തു ചെയ്യുമ്പോൾ വളരെയധികം ദാഹിച്ചു. അല്ലാഹുവുമായി പ്രത്യേക ബന്ധമുള്ള പുണ്യവതിയായിരുന്നു അവർ. കൈയിൽ വെള്ളവുമില്ല, അതികഠിനമായ ഉഷ്ണവുമായിരുന്നു. ആ അവസ്ഥയിൽ അവരുടെ തലയ്ക്കുമീതെ നിന്ന് എന്തോ ശബ്ദം അവർ കേട്ടു. നോക്കിയപ്പോൾ കണ്ടത് ആകാശത്തുനിന്ന് ബക്കറ്റിന്റെ രൂപത്തിലുള്ള എന്തോ ഒന്ന് താഴേക്കു വരികയും അതിൽനിന്ന് വെളുത്ത വെള്ളത്തുള്ളികൾ ഇറ്റു വീഴുകയും ചെയ്യുന്നതാണ്. അവർ അതിൽനിന്ന് മതിയാവോളം വെള്ളം കുടിക്കുകയും ചെയ്തു. അവർ പറയുമായിരുന്നു, അതിനുശേഷം എനിക്ക് ദാഹമേ ഉണ്ടായിട്ടില്ല. നോമ്പിന്റെ അവസ്ഥയിൽപ്പോലും എനിക്ക് ദാഹിച്ചിട്ടില്ല."

***(ഖുത്ബ ജുമുഅ, അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ്, 14-6-2019)***

**(പേജ് 1ൽനിന്ന്)**

ക്കാരണത്താലാണ് വലിയ വലിയ തത്ത്വജ്ഞാനികൾനക്കുപോലും കേവലം ബുദ്ധി ഉപയോഗിച്ച് യഥാർഥ ദൈവത്തെ പ്രാപിക്കാൻ കഴിയാതെ വന്നത്. ഗ്രീസിലെ ഒരു സുപ്രസിദ്ധ തത്ത്വശാസ്ത്ര പണ്ഡിതനായ പ്ലാറ്റോ പോലും മരിക്കുന്ന നേരത്ത്, 'എനിക്കു പേടിയാകുന്നു, ഒരു ബിംബത്തിന് എന്റെ പേരിൽ ഒരു പൂവൻകോഴിയെ ബലിയിടുക എന്നു പറഞ്ഞത്.' ഇതിനെക്കാളുപരി മറ്റെന്തുകാര്യമാണുള്ളത്. പ്ലാറ്റോയുടെ തത്ത്വ ശാസ്ത്രവും അയാളുടെ ജ്ഞാനവും ബുദ്ധികൂർമതയും മുഅ്മിനീംകൾക്ക് ലഭിക്കുന്ന സത്യസന്ധമായ സമാധാനവും ശാന്തിയും അയാൾക്ക് നല്കിയില്ല. ഇതു നല്ലവണ്ണം ഓർത്തുകൊള്ളുക! ഇൽഹാമിന്റെ ആവശ്യകത മനഃശ്ശാന്തിക്കും മാനസികമായ സ്ഥൈര്യത്തിനും അങ്ങേയറ്റം നിർബന്ധമാണ്. ഞാൻ പറയുന്നതിന്റെ ഉദ്ദേശ്യം ഏറ്റവുമാദ്യം ബുദ്ധികൊണ്ട് പ്രവൃത്തിക്കുക എന്നാണ്. ആരാണോ ബുദ്ധികൊണ്ട് പണിയെടുക്കുന്നത് ഇസ്‌ലാമിന്റെ ദൈവത്തെ അവൻ തീർച്ചയായും കാണുന്നതായിരിക്കും. കാരണം മരങ്ങളുടെ ഓരോരോ ഇലയിലും ആകാശത്തിലെ ഗോളങ്ങളിലും അവന്റെ നാമം വെണ്ടക്ക അക്ഷരങ്ങളിൽ എഴുതിയിരിക്കുന്നു. പക്ഷേ, ദൈവിക വെളിപാടിന്റെ മഹത്ത്വം കളഞ്ഞുകുളിക്കും വിധം തികച്ചും ബുദ്ധിക്കു അടിമയാകരുത്. അതുകൂടാതെ യഥാർഥ സംതൃപ്തിയ്ക്കും ഉൽകൃഷ്ട സ്വഭാവങ്ങൾക്കും ഭാഗ്യമുണ്ടാകുകയില്ല. ബ്രഹ്മസമാജക്കാരും ശാന്തിയും മോക്ഷത്തിന്റെ സത്യമായ പ്രകാശവും കരസ്ഥമാക്കുകയില്ല. കാരണം അവർ ദൈവവെളിപാടിന്റെ ആവശ്യകതയിൽ വിശ്വസിക്കുന്നവരല്ല. അത്തരക്കാർ ബുദ്ധിയ്ക്ക് അടിപ്പെട്ട് ഇൽഹാമിനെ പാഴ്‌വസ്തുവായി കരുതുന്നു. ഞാൻ പറയുന്നത് തികച്ചും ശരിയാണ്, അവർ ബുദ്ധിയും പ്രയോജനപ്പെടുത്തുന്നില്ല. ബുദ്ധികൊണ്ട് പ്രവൃത്തിക്കുന്നവരെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറഞ്ഞത് ഉലുൽഅൽബാബ് എന്നാണ്. അതിനുശേഷം പറയുന്നു: ***അല്ലദീന യദ്കുറൂനല്ലാഹ ഖിയാമൻ വ്വ ഖുഊദൻ വ്വ അലാ ജുനൂബിഹിം***(3:192).ഈ വചനത്തിൽ അല്ലാഹു രണ്ടാമത്തെ വശം വിവരിച്ചിരിക്കുന്നു. നിന്നും ഇരുന്നും അല്ലാഹുവിനെ സ്മരിക്കുന്നവരാണ് ഉലുൽ അൽബാബും അഖ്ലെ സലീമും ഉൾക്കൊള്ളുന്നവർ. ബുദ്ധിയും അറിവും അങ്ങനെയങ്ങ് വെറുതെ കിട്ടുന്ന വസ്തുക്കളാണെന്ന് ധരിക്കരുത്, അങ്ങനെയല്ല."(മൽഫൂദാത്ത് വാള്യം 2 പേജ് 53–56, 2018 ഖാദിയാൻ പതിപ്പ്)

# നിങ്ങൾക്കുമെഴുതാം

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചുതരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും. അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin